# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## പ്രമാടം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025



**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പത്തനംതിട്ട-689645**

**ഇ-മെയിൽ: dopta.ksad@kerala.gov.in**
**ഫോൺ : 0468-2223691**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി9- 826/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 06/08/2025
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പ്രമാടം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി9- 826/2025 തീയ്യതി: 06/08/2025

# പത്തനംതിട്ട ജില്ലയിലെ പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽകുമാർ റ്റി. | ഡെപ്യൂട്ടി ഡയറക്ടർ | 16-06-2025 | 30-06-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-06-2025 | 30-06-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ പ്രദീപ് കുമാർ എൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി ജയപ്രഭ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ അഖിൽ എസ്സ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. നവനിത്ത് എൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി അനിതാകുമാരി ഐ | സെക്രട്ടറി | 01-04-2024 | 11-09-2024 |
| ശ്രീ ശ്രീകുമാർ എസ്സ് | സെക്രട്ടറി | 12-09-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. ശ്രീലക്ഷ്മി ആർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2024 | 31-03-2025 |
| ഡോ. അനീഷ്യ എസ്. ആർ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ. ഷീന ഗ്രേസ് കോശി | വെറ്റിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി ആത്മജ എസ്. | കൃഷി ഓഫീസർ | 01-04-2024 | 04-04-2024 |
| ശ്രീമതി ആരതി | കൃഷി ഓഫീസർ | 05-04-2024 | 31-03-2025 |
| ശ്രീ. സന്ദേശ് സ്റ്റാലിൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 01-04-2024 | 31-03-2025 |
| ശ്രീ. ജിജി ഗോപാൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-11 | 01-04-2024 | 31-03-2025 |
| ശ്രീ. റഫീക്ക് എം. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ഡോ. അഞ്ജലികൃഷ്ണ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2024 | 31-03-2025 |
| ശ്രീമതി വത്സല എൻ.ഡി | ഹെഡ് മിസ്ട്രസ്സ് | 01-04-2024 | 13-06-2024 |
| ശ്രീമതി നീതുകൃഷ്ണൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 19-03-2025 |
| ശ്രീമതി അനുമോൾ | ഡയറി ഫാം ഇൻസ്ട്രക്ടർ | 20-03-2025 | 31-03-2025 |
| ശ്രീമതി ശശികല പി.ആർ | ഹെഡ്മിസ്ട്രസ്സ് | 14-06-2024 | 31-03-2025 |
| ശ്രീ. സുരേഷ് കുമാർ ആർ. | ഫിഷറീസ് ഓഫീസർ | 01-04-2024 | 31-05-2024 |
| ശ്രീമതി എലീന ജോസ് വെട്ടം | ഫിഷറീസ് ഓഫീസർ | 01-06-2024 | 02-09-2024 |
| ശ്രീമതി രഞ്ചിനി പി കെ | ഫിഷറീസ് ഓഫീസർ | 03-09-2024 | 05-09-2024 |
| ശ്രീമതി അമല ജിജി | ഫിഷറീസ് ഓഫീസർ | 06-09-2024 | 03-12-2024 |
| ശ്രീമതി എലീന ജോസ് വെട്ടം | ഫിഷറീസ് ഓഫീസർ | 04-12-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | ആസ്തികൾ അക്കൗണ്ട് ചെയ്തതിന്റെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല | 1-1-2 |
| 4 | ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ - നീക്കിയിരിപ്പ് തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല | 1-1-4 |
| 6 | ലൈഫ് ഭവന പദ്ധതി - അക്കൗണ്ടിൽ ശേഷിക്കുന്ന തുകകളെ സംബന്ധിച്ച വിവരം ലഭ്യമല്ല | 1-1-5 |
| 7 | നീക്കിയിരിപ്പുള്ള ഡെപ്പോസിറ്റ് തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല | 1-1-6 |
| 8 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് - അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-7 |
| 9 | അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-8 |
| 10 | ചെലവ് തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | പിഴപ്പലിശയിനത്തിൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല | 1-1-10 |
| 12 | വസ്തു നികുതി - കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | മുൻകൂർ നൽകിയത് - വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയില്ല | 1-1-12 |
| 14 | പലിശ വരവ് ആസ്തിയിൽ ഉൾപ്പെടുത്തിയില്ല | 1-1-13 |
| 15 | ബജറ്റ് വിശകലനം | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഗ്രാന്റ് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGA) | 1-6 |
| 20 | ക്ഷേമ പദ്ധതികൾ | 1-7 |
| 21 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 23 | അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി ഈടാക്കുന്നില്ല | 1-10 |
| 24 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കണം | 1-11 |
| 25 | വാടക കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു | 1-12 |
| 26 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-13 |
| 27 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുത്തില്ല | 1-14 |
| 28 | ടെണ്ടർ ഫീസ് - ലഭിക്കാൻ അവശേഷിക്കുന്നത് 83870 രൂപ | 1-15 |
| 29 | ധന മാനേജ്മെന്റ് കാര്യക്ഷമമല്ല - പലിശ രഹിത അക്കൗണ്ടുകളിൽ സൂക്ഷിച്ചത് 2.82 കോടി രൂപ | 1-16 |
| 30 | 2.58 കോടി രൂപയുടെ ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 1-17 |
| 31 | പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തണം | 1-18 |
| 32 | യുണൈറ്റഡ് ഇലക്ട്രിക്കൽസ് സ്വന്തമായി ഉൽപാദിപ്പിക്കാത്ത തെരുവ് വിളക്ക് ഉപകരണങ്ങൾ ടെണ്ടർ കൂടാതെ അവരിൽനിന്നും വാങ്ങി | 1-19 |
| 33 | മരണപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പെൻഷൻ തുക ക്രെഡിറ്റ് ചെയ്തു | 1-20 |
| 34 | ലൈഫ് പദ്ധതിയിൽ ഭൂരഹിതർക്ക് വാങ്ങി നൽകിയ വസ്തു വാസയോഗ്യമല്ല | 1-21 |
| 35 | കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല | 1-22 |
| 36 | മരാമത്ത് പ്രോജക്ടുകൾ നടപ്പിലാക്കാതെ ഉപേക്ഷിച്ചു | 1-23 |

| | | |
|---|---|---|
| 37 | ലൈഫ് പദ്ധതി - ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-24 |
| 38 | ഭവന പുനരുദ്ധാരണം - പണി പൂർത്തീകരിച്ചില്ല | 1-25 |
| 39 | ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയത് തിരികെ ഈടാക്കിയില്ല | 1-26 |
| 40 | തനത് ഫണ്ടിൽ ശേഷിക്കുന്ന ഡെപ്പോസിറ്റ് തുകകൾ - കൃത്യമായ വിവരം ലഭ്യമല്ല | 1-27 |
| 41 | ജൽ ജീവൻ മിഷൻ പദ്ധതി - അവലോകനം | 1-28 |
| 42 | ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗം - അവലോകനം | 1-29 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | യുണൈറ്റഡ് ഇലക്ട്രിക്കൽസ് സ്വന്തമായി ഉൽപാദിപ്പിക്കാത്ത തെരുവ് വിളക്ക് ഉപകരണങ്ങൾ ടെണ്ടർ കൂടാതെ അവരിൽനിന്നും വാങ്ങി | 3-1 |
| 2 | മരണപ്പെട്ട ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെന്റ് ചെയ്തില്ല; സർക്കാർ ഖജനാവിന് 11200 രൂപയുടെ നഷ്ടം | 3-2 |
| **ഭാഗം 4** | | |
| 1 | മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-5 |
| 6 | ഓഡിറ്റ് റിക്കവറിയിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡികകൾ | 4-7 |
| 8 | സ്ഥിര നിക്ഷേപം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 22.05.2025-ലെ 2(1)-ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 26.05.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പ്രമാടം ഗ്രാമപ്പഞ്ചായത്തിന്റെ മാർച്ച് 2025-ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളേക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ടെന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി പ്രമാടം ഗ്രാമപ്പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**പത്തനംതിട്ട**
**06/08/2025**

## 1-1-1 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും, പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

## 1-1-2 ആസ്തികൾ അക്കൗണ്ട് ചെയ്തതിന്റെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല

26/07/2011-ലെ ജി.ഒ.(എം.എസ്.)നം.152/2011/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ

എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. വാർഷിക കണക്ക് പ്രകാരം ആസ്തികളെ ഉൽപാദനം, സേവനം, ഇൻഫ്രാസ്ട്രക്ചർ, എന്നിങ്ങനെ വർഗ്ഗീകരിച്ചിട്ടുണ്ടെങ്കിലും ഈ രീതിയിലുള്ള ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2025-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും, കൃത്യതയും വ്യക്തമല്ല.

## 1-1-3 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

ചുവടെ ചേർക്കുന്ന നികുതിയിനങ്ങളുടെ അക്രൂവൽ സമയത്ത് ഡിമാന്റ് രേഖപ്പെടുത്താതെ വർഷാന്ത്യത്തിൽ ഒരു തവണയായി ജേണൽ എൻട്രി മുഖേനയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ തീയതി |
|---|---|---|
| **110100101** | Property Tax On Residential Buildings | 31.03.2025 |
| **110100102** | Property Tax On Non-Residential Buildings | 31.03.2025 |
| **110200101** | Profession Tax - Institutions | 31.03.2025 |

ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയില്ല.

## 1-1-4 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ - നീക്കിയിരിപ്പ് തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല

ചുവടെ ചേർത്തിരിക്കുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | ഹെഡ് കോഡ് | വിവരണം | ശേഷിക്കുന്ന തുക |
|---|---|---|---|
| 1. | 320100198 | ശുചിത്വമിഷൻ | 634189 |
| 2 | 320100199 | Other Liabialities | 52064 |
| 3. | 320300199 | Grants, Funds & Contributions For Specific Purposes - Other Government Agencies | 144816 |
| 4. | 320400199 | Grants, Funds & Contributions For Specific Purposes - Other Financial Institutions | 66000 |
| 5. | 320800199 | Other Grants, Funds & Contributions For Specific Purposes - Capital | 97250 |
| 6. | 320100196 | ICDS | 7079262 |

## 1-1-5 ലൈഫ് ഭവന പദ്ധതി - അക്കൗണ്ടിൽ ശേഷിക്കുന്ന തുകകളെ സംബന്ധിച്ച വിവരം ലഭ്യമല്ല

ലൈഫ് ഭവന പദ്ധതിയുടെ ലോൺ തുക ക്രെഡിറ്റ് ചെയ്യുന്നതിനായി കാനറാ ബാങ്കിൽ അക്കൗണ്ട് ഉണ്ടെന്നിരിക്കേ ലോൺ തുകകൾ ഇ-പേയ്മെന്റ് അക്കൗണ്ടിലും (SBI A/C.No.673964208) നിക്ഷേപിക്കുന്നുണ്ട്. എന്നാൽ ലോൺ തുകകളെ സംബന്ധിച്ച അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ അക്കൗണ്ടിൽ ശേഷിക്കുന്ന ലോൺ തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

## 1-1-6 നീക്കിയിരിപ്പുള്ള ഡെപ്പോസിറ്റ് തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല

ഷെഡ്യൂൾ B-7: മുൻവർഷങ്ങളിൽ തിരികെ നൽകാൻ ശേഷിച്ച ഡെപ്പോസിറ്റുകളുടെ വിശദാംശം ക്യാരി ഓവർ ചെയ്ത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടിട്ടില്ല.

## 1-1-7 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് - അക്കൗണ്ടിംഗ് കൃത്യമല്ല

ഷെഡ്യൂൾ B-11(b) - Capital Work In Progress – ഓഡിറ്റിന് ലഭ്യമായ കണക്കുകൾ പ്രകാരം 1506865 രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. എന്നാൽ വാർഷിക കണക്കുകൾ പ്രകാരം ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ഇനത്തിലുള്ള തുക 43000 രൂപ മാത്രമാണ്.

## 1-1-8 അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

ഷെഡ്യൂൾ B-18 : അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിവിധ ഇനങ്ങളിലായി നൽകിയ അഡ്വാൻസ് തുകകൾ, KWA, KSEB എന്നീ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള തുകകൾ എന്നിവയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടില്ല.

## 1-1-9 ചെലവ് തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

വിവിധ സർക്കാർ ഗ്രാന്റുകളുടെ യഥാർത്ഥ ചെലവ് വാർഷിക ധനകാര്യ പത്രികയിൽ കാണിച്ചിട്ടുള്ള ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

<table>
<tr><th>ഫണ്ടിനം</th><th>വാർഷിക ധനകാര്യ പത്രിക പ്രകാരം (I-6)</th><th>ചെലവ് പത്രിക പ്രകാരം</th><th>സുലേഖ പ്രകാരം (ജി.ഒ. പ്രോജക്ട് കൂടി ഉൾപ്പെടുത്തിയത്)</th></tr>
<tr><td>വികസന ഫണ്ട് (പൊതു വിഭാഗം)</td><td>26882282</td><td>26830680</td><td>27154352</td></tr>
<tr><td>വികസന ഫണ്ട് (എസ്.സി.പി.)</td><td>7059019</td><td>7247414</td><td>7247414</td></tr>
<tr><td>സി.എഫ്.സി. – ടൈഡ്</td><td>940837</td><td rowspan="4">6874676</td><td rowspan="2">*6227313</td></tr>
<tr><td>സി.എഫ്.സി. – ബേസിക്</td><td>1786592</td></tr>
<tr><td>സി.എഫ്.സി. – ടൈഡ് ചെലവഴിക്കാത്ത തുക പുനരനുവദിച്ചത്</td><td>401784</td><td>401784</td></tr>
<tr><td>സി.എഫ്.സി. (ബേസിക്) - ചെലവഴിക്കാത്ത തുക പുനരനുവദിച്ചത്</td><td>-</td><td>245579</td></tr>
</table>

*3200964+3026349=6227313

## 1-1-10 പിഴപ്പലിശയിനത്തിൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല

Penalties And Fines - Penal Interest – എന്ന ഹെഡ്ഡിൽ വരവ് രേഖപ്പെടുത്തിയിട്ടുള്ള ചുവടെ ചേർക്കുന്ന തുകകൾ ഏത് ഇനത്തിലുള്ളതാണെന്ന് വ്യക്തമല്ല.

| തീയതി | തുക |
|---|---|
| 31.03.20205 | 27013 |
| 31.03.20205 | 14810 |
| 31.03.20205 | 157453 |
| 31.03.20205 | 15139 |

## 1-1-11 വസ്തു നികുതി - കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വസ്തു നികുതി - സഞ്ചയയിലെ കണക്കുകളും വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-12 മുൻകൂർ നൽകിയത് - വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയില്ല

വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മുൻകൂർ നൽകിയ 2012547 രൂപ വാർഷിക കണക്കിൽ ഷെഡ്യൂൾ B-18-ൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-13 പലിശ വരവ് ആസ്തിയിൽ ഉൾപ്പെടുത്തിയില്ല

തൻവർഷം സ്ഥിര നിക്ഷേപം നടത്തിയതിന് ലഭിച്ച പലിശ 362500 രൂപ ഷെഡ്യൂൾ B12-ൽ ആസ്തിയായി ഉൾപ്പെടുത്തിയില്ല.

## 1-2 ബജറ്റ് വിശകലനം

2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 12/02/2024 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 30776335 രൂപ മുന്നിരിപ്പും 254667000 രൂപ പ്രതീക്ഷിത വരവും 253105770 രൂപ പ്രതീക്ഷിത ചെലവും 32337563 രൂപ പ്രതീക്ഷിത നീക്കിയിരിപ്പും ഉള്ള ബജറ്റാണ് അംഗീകരിച്ചിട്ടുള്ളത്. പുതുക്കിയ ബജറ്റ് 22/02/2025 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-3 സാമ്പത്തിക വിശകലനം

| | റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം | ഇൻകം & എക്സ്പെന്റിച്ചർ പത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 45545656 | |
| വരവ് | 79116067 | 229231083 |
| ആകെ | 124661723 | |
| ചെലവ് | 66002136 | 229544962 |
| നീക്കിയിരിപ്പ് | 58659587 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായത് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 27207000 | 27207000 | 27154352 | 52648 | 0 |
| വികസന ഫണ്ട് (എസ്.സി.പി.) | | 11125000 | 11125000 | 7247414 | 6122414 | 0 |
| വികസന ഫണ്ട് (റ്റി.എസ്.പി.) | | 457813 | 457813 | 0 | 457813 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | | 40429000 | 40429000 | 27031550 | 8085800 | 5311650 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | | 10907000 | 10907000 | 6155507 | 2181400 | 2570093 |
| സി.എഫ്.സി (ടൈഡ്) ചെലവഴിക്കാത്ത തുക പുനരനുവദിച്ചത് | | 1625034 | 1625034 | 401784 | 1223250 | |
| സി.എഫ്.സി (ബേസിക്) ചെലവഴിക്കാത്ത തുക പുനരനുവദിച്ചത് | | 303728 | 303728 | 245579 | 58149 | |
| സി.എഫ്.സി. (ടൈഡ്) | 1186735 | 10198500 | 11385235 | 3287871 | 8097364 | |
| സി.എഫ്.സി (ബേസിക്) | 9392280 | 5089970 | 14482250 | 3026349 | 11455901 | |
| **സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ** | | | | | | |
| ലൈഫ് (സംസ്ഥാന വിഹിതം) | 4860695 | 500000 | 5360695 | 3140000 | 2220695 | |
| സാക്ഷരത | 2997 | 0 | 2997 | 0 | 2997 | |
| ശുചിത്വ മിഷൻ | 634189 | 0 | 634189 | 0 | 634189 | |
| ആയുഷ് | 1000000 | 0 | 1000000 | 0 | 1000000 | |
| **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ** | | | | | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 21 | 1085878 | 1085899 | 1085899 | 0 | |
| ഐ.സി.ഡി.എസ്. | 3941728 | 3617490 | 7559218 | 479956 | 7079262 | |

| | | | | | | |
|---|---|---|---|---|---|---|
| ഹെൽത്ത് ഗ്രാന്റ് (ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ) | 787770 | 452303 | 1240073 | 494142 | 745931 | |
| ഹെൽത്ത് ഗ്രാന്റ് (വെൽനെസ്സ് സെന്റർ) | 274211 | 680017 | 954228 | 224337 | 729891 | |

<u>ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ</u>

1. വികസന ഫണ്ട് (ജനറൽ) - സ്രോതസ്സിൽ നിന്നും കുറവു ചെയ്ത ചുവടെ ചേർക്കുന്ന തുകകൾ ഗ്രാന്റ് പത്രികയിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | ഇനം | സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക |
|---|---|---|
| 1. | അങ്കണവാടി ജീവനക്കാർക്ക് നൽകുന്ന അധിക പ്രതിഫലം | 1752000 |
| 2. | ലൈഫ് മിഷൻ വായ്പ – മുതൽ തിരിച്ചടവ് | 1667253 |
| 3. | എസ്സ്.സി.പി. ഫണ്ടിലേക്ക് ക്രമീകരിച്ച തുക | 51813 |
| 4. | സ.ഉ.(കൈ.)നം.179/2022/ധന. നമ്പർ ഉത്തരവ് പ്രകാരം കുറവു വരുത്തുന്ന തുക | 272070 |

2. വികസന ഫണ്ട് (ജനറൽ) - സ്രോതസ്സിൽനിന്നും കുറവു ചെയ്ത ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (₹376342) ഗ്രാന്റ് പത്രികയിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല.

## <u>1-5 പദ്ധതി അവലോകനം</u>

1. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായും നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 389 | 226271484 | 41 | 91740918 | 215 | 133 | 40.57 |

<u>2. **നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം**</u>

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്ക്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 3 | 3 | 1050000 | 1015392 | 96.70 |
| 2 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 16 | 11 | 5195049 | 3488040 | 67.14 |
| 3 | കൃഷി ഓഫീസർ | 20 | 18 | 3863400 | 3377180 | 87.41 |
| 4 | സെക്രട്ടറി | 37 | 22 | 18628157 | 9243301 | 49.62 |
| 5 | വെറ്ററിനറി സർജൻ | 10 | 9 | 1687092 | 587762 | 34.83 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 26 | 18 | 106032999 | 24474929 | 23.08 |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 17 | 14 | 7810156 | 6555621 | 83.93 |

| | | | | | | |
|---|---|---|---|---|---|---|
| 8 | ഡയറിഫാം ഇൻസ്ട്രക്ടർ | 3 | 3 | 3078387 | 1410803 | 45.82 |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | 7 | 1 | 2602749 | 1816833 | 69.80 |
| 10 | ഹെഡ്മാസ്റ്റർ | 12 | 9 | 1762567 | 1553676 | 88.14 |
| 11 | അസിസ്റ്റന്റ് എഞ്ചിനീയർ | 233 | 145 | 74190928 | 38014408 | 51.23 |
| 12 | മെഡിക്കൽ ഓഫീസർ ഹോമിയോ | 4 | 3 | 330000 | 202973 | 61.50 |
| 14 | ഫിഷറീസ് ഓഫീസർ | 1 | 0 | 40000 | 0 | 0 |
| | | 389 | 256 | 226271484 | 91740918 | 40.57 |

വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് യോഗം ചേരുന്നുണ്ടെങ്കിലും അതനുസരിച്ചല്ല വാർഷിക പദ്ധതി അംഗീകാരം വാങ്ങിയിട്ടുള്ളത്. നടപ്പാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്ക്കരിച്ച് അംഗീകാരം വാങ്ങിയ പദ്ധതികൾക്ക് വകയിരുത്തിയ തുകയിൽ 51.23% മാത്രമാണ് ചെലവഴിച്ചത്. മുൻകാലങ്ങളിൽ വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ച ഡെപ്പോസിറ്റ് പ്രവൃത്തികളും കുടിവെള്ള പദ്ധതികളും ഇതിന് ഉദാഹരണമാണ്. 2.5 കോടി രൂപയുടെ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കാത്തതിനാൽ അവ ഇപ്പോഴും ക്രമീകരിക്കാതെ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടുണ്ട്. ലൈഫ് പദ്ധതി പ്രകാരം മുൻവർഷം ഭൂരഹിതയ്ക്ക് വാങ്ങി നൽകിയ വസ്തു വാസയോഗ്യമല്ലാത്തതിനാൽ ഭവനനിർമ്മാണത്തിനായി പ്രസ്തുത ഗുണഭോക്താവിന് ആനുകൂല്യം നൽകാൻ കഴിഞ്ഞില്ല. അതിദരിദ്രർക്ക് ചികിത്സാസഹായം നൽകുന്നതിന് പദ്ധതി ഏറ്റെടുത്തില്ല.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGA)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 21.25 | 1085878 | 1085899.25 | 1085899 | 0.25 |
| ഗുണഭോക്താക്കൾക്ക് നൽകുന്നത് | - | 31463249 | 31463249 | 31463249 | - |
| ആകെ | 21.25 | 32549127 | 32549148.25 | 32549148 | 0.25 |

## 1-7 ക്ഷേമ പദ്ധതികൾ

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ സാമൂഹ്യ ക്ഷേമപെൻഷൻ വിതരണത്തിനായി സർക്കാർ ചെലവഴിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 5,433,200 |
| മാനസിക – ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 5,945,700 |
| വിധവാ പെൻഷൻ | 22,663,300 |
| വാർദ്ധക്യ കാല പെൻഷൻ | 44,592,000 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 222,000 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26/06/2025 തീയതിയിൽ 11:05 AM-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 3988 (മൂവായിരത്തി തൊള്ളായിരത്തി എൺപത്തി എട്ട് ) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന നികുതി, നികുതിയേതര വരുമാനം, പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എന്നിവ കറന്റ് അക്കൗണ്ടുകളിലാണ് സൂക്ഷിക്കുന്നത്. തൻ വർഷം ഇപ്രകാരം പലിശ രഹിത അക്കൗണ്ടുകളിൽ നിഷ്ക്രിയമായി സൂക്ഷിച്ചത് 2.82 കോടി രൂപയാണ്. തനത് ഫണ്ട് നിക്ഷേപിക്കുന്ന കേരള ബാങ്കിന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന് ലഭിക്കുന്ന വാർഷിക പലിശ 4% ആണ്. തുകകൾ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കാത്തത് കാരണം പലിശയിനത്തിൽ ലക്ഷങ്ങളുടെ നഷ്ടമാണ് ഗ്രാമപഞ്ചായത്തിനുണ്ടാകുന്നത്.

നിക്ഷേപ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി കെ.എസ്.ഇ.ബി-യിൽ ഡെപ്പോസിറ്റ് ചെയ്ത 1,04,80,008 രൂപയും, കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത 15163164 രൂപയും, ഭൂജല വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത 203208 രൂപയും ഉൾപ്പടെ ആകെ 2,58,46,380 രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇനം തിരിച്ചുള്ള സംക്ഷിപ്തം എഴുതി സൂക്ഷിച്ചിക്കാത്തതിനാൽ ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല. പ്രവർത്തനരഹിതമായ പൊതുടാപ്പുകൾ കണ്ടെത്തുന്നതിന് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ 27/01/2022 തീയതിയിൽ നടത്തിയ സംയുക്ത പരിശോധനയ്ക്ക് ശേഷം പിന്നീട് പരിശോധനകൾ ഒന്നും നടന്നിട്ടില്ല. കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്തുന്നതിന് നടപടിയുണ്ടാകണം.

മരണപ്പെട്ട രണ്ട് ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് അവരുടെ മരണശേഷവും പെൻഷൻ ക്രഡിറ്റ് ചെയ്യാൻ ഇടയായിട്ടുണ്ട്. കരാർ നൽകിയ മരാമത്ത് പ്രോജക്ടുകൾ നടപ്പിലാക്കാതെ ഉപേക്ഷിച്ചതിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.

പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതും തിരികെ നൽകാൻ ശേഷിക്കുന്നതുമായ ഡെപ്പോസിറ്റ് തുകകളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഓരോ ഇനങ്ങളേയും സംബന്ധിച്ച് വിശദമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളുടെ വാടക കുടിശ്ശിക പിരിച്ചെടുക്കാൻ കാര്യക്ഷമമായ നടപടി സ്വീകരിക്കേണ്ടതുണ്ട്.

## 1-10 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി ഈടാക്കുന്നില്ല

ഹയർ സെക്കണ്ടറി തലംവരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തുനികുതിയിൽ ഉണ്ടായിരുന്ന ഇളവ് സർക്കാർ/എയ്ഡഡ് സ്കൂളുകൾക്ക് മാത്രമാക്കി 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ഇത് പ്രകാരം സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂളുകൾക്ക് 2023 ഏപ്രിൽ 1 മുതൽ വസ്തു നികുതി ബാധകമാക്കിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ചില അൺ എയ്ഡഡ് സ്കൂളുകളുടെ കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ലെന്ന് സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഡോർ നമ്പർ | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേര് |
|---|---|
| 5/6 | സെന്റ് ജോർജ് ഹൈസ്കൂൾ, ഇളകൊള്ളൂർ |
| 17/635 മുതൽ 17/637 വരെ | സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, മല്ലശ്ശേരി |
| 8/133 | അമൃതവിദ്യാലയം, വെള്ളാപ്പാറ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.22/27-06-2025) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് പരിധിയിലുള്ള അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കണം

തൊഴിൽ നികുതി പിരിവിനായി ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന സ്ഥാപനങ്ങളുടെ പട്ടിക, അർദ്ധവാർഷിക റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിച്ചതിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന ഏതാനും സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1. സ്ഥാപന തൊഴിൽ നികുതി അടയ്ക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ**

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | അർദ്ധ വർഷം |
|---|---|---|
| 1 | റേഷൻ കടകൾ (19 എണ്ണം) | 1st & 2nd |
| 2 | പ്രമാടം ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd |
| 3 | വകയാർ ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd |
| 4 | വി.കോട്ടയം ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd |
| 5 | ഇളകൊള്ളൂർ ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd |
| 6 | ലൈഫ്കെയർ ഹോസ്പിറ്റൽ & ഡയബറ്റിക് റിസർച്ച് സെന്റർ, മല്ലശ്ശേരി | 1st & 2nd |
| 7 | വില്വമംഗലം ആയുർവ്വേദ ഹോസ്പിറ്റൽ, തെങ്ങുംകാവ് | 1st & 2nd |
| 8 | ആക്രി വ്യാപാരം, മല്ലശ്ശേരിമുക്ക് | 1st & 2nd |
| 9 | വൈറ്റ് ലോട്ടസ് ഗാർഡൻ, മല്ലശ്ശേരി | 1st & 2nd |
| 10 | എൻടിഇഎക്സ് ട്രാൻസ്പോർട്ടേഷൻ സർവ്വീസസ് പ്രൈ. ലിമിറ്റഡ് | 1st & 2nd |
| 12 | കൊച്ചുപുരയ്ക്കൽ ടിമ്പേഴ്സ്, പൂങ്കാവ് | 1st & 2nd |
| 13 | അമ്മ ഹോസ്പിറ്റൽ, വി. കോട്ടയം | 1st & 2nd |
| 14 | കൊശമറ്റം ഫിനാൻസ്, മല്ലശ്ശേരി | 1st & 2nd |
| 15 | എം.കെ.എൽ. ഇൻഡസ്ട്രീസ്, മല്ലശ്ശേരി | 1st & 2nd |
| 16 | കെ.എസ്.ഇ.ബി. വകയാർ | 1st & 2nd |
| 17 | മണ്ണിൽ ഫുവൽസ്, പൂങ്കാവ് | 1st & 2nd |

**2. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി അടയ്ക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ**

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | അർദ്ധവർഷം | റിമാർക്സ് |
|---|---|---|---|
| 1 | റേഷൻ കടകൾ (19 എണ്ണം) | 1st & 2nd | 17/01/2025-ൽ നോട്ടീസ് നൽകി |
| 2 | പ്രമാടം ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd | 17/01/2025-ൽ നോട്ടീസ് നൽകി |
| 3 | വകയാർ ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd | 17/01/2025-ൽ നോട്ടീസ് നൽകി |
| 4 | വി.കോട്ടയം ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd | 17/01/2025-ൽ നോട്ടീസ് നൽകി |
| 5 | ഇളകൊള്ളൂർ ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd | 17/01/2025-ൽ നോട്ടീസ് നൽകി |
| 6 | വില്വമംഗലം ആയുർവ്വേദ ഹോസ്പിറ്റൽ, തെങ്ങുംകാവ് | 1st & 2nd | - |
| 7 | ആക്രി വ്യാപാരം, മല്ലശ്ശേരിമുക്ക് | 1st & 2nd | 10/04/2025- ൽ നോട്ടീസ് നൽകി |
| 8 | വൈറ്റ് ലോട്ടസ് ഗാർഡൻ, മല്ലശ്ശേരി | 1st & 2nd | 10/04/2025-ൽ നോട്ടീസ് നൽകി |
| 9 | NTEX ട്രാൻസ്പോർട്ടേഷൻ സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് | 2nd | - |
| 10 | കൊച്ചുപുരയ്ക്കൽ ടിംബേർസ്,പൂങ്കാവ് | 2nd | - |
| 11 | എം.കെ.എൽ ഇൻഡസ്ട്രീസ്, മല്ലശ്ശേരി | 2nd | - |
| 12 | സമ്പൂർണ്ണ ഗാർമെന്റ്സ് | 1st | - |

| | | | |
|---|---|---|---|
| 13 | മുരുപ്പേൽ ഫിനാൻസ് | 1st | |
| 14 | ഇൻഡസ് മോട്ടോഴ്സ് | 1st | |
| 15 | പെറ്റ് സീ വെറ്ററിനറി ക്ലിനിക്ക് | 1st | |
| 16 | മണ്ണിൽ ഫുവൽസ്, പൂങ്കാവ് | $1^{st}$ & $2^{nd}$ | 10/04/2025-ൽ നോട്ടീസ് നൽകി |

**3. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല**

ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ച കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/2024-25, തീയതി: 24-06-2025), തൊഴിൽ നികുതി അടവാക്കാനുള്ള സ്ഥാപനങ്ങളിൽനിന്നും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് രാജ് നിയമം, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസസ്സ് ചെയ്യുന്നതിനും, അസസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 വാടക കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു തനത് വരുമാനമാണ് ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികളിൽ നിന്നും, സ്റ്റാളുകളിൽനിന്നുമുള്ള വാടക. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികളുടെ എണ്ണവും, നിലവിലെ അവസ്ഥയും കടമുറികളുടെ വാടക കുടിശ്ശിക സംബന്ധിച്ച വിവരങ്ങളും ചുവടെ ചേർക്കുന്നു.

| ഷോപ്പിംഗ് കോംപ്ലക്സ് പേര് | ആകെ കടമുറികളുടെ എണ്ണം | നിലവിൽ വാടകയ്ക്ക് കൊടുത്തിരിക്കുന്ന കടമുറികളുടെ എണ്ണം | മറ്റ് വിവരങ്ങൾ |
|---|---|---|---|
| വകയാർ ഷോപ്പിംഗ് കോംപ്ലക്സ് | പുതിയ ഷോപ്പിംഗ് കോംപ്ലക്സ് – 8<br>പഴയ ഷോപ്പിംഗ് കോംപ്ലക്സ് – 1 | പുതിയ ഷോപ്പിംഗ് കോംപ്ലക്സ് – 7<br>പഴയ ഷോപ്പിംഗ് കോംപ്ലക്സ് – 1 | വാടകക്ക് നൽകാത്തത് – 1<br>റൂം നം.3 ലേലത്തിൽ ആരും എടുത്തില്ല |
| വി.കോട്ടയം ഷോപ്പിംഗ് കോംപ്ലക്സ് | 8 | 6 | വാടകക്ക് നൽകാത്ത കടമുറികൾ - നം. 6, 7 |
| പൂങ്കാവ് ഷോപ്പിംഗ് കോംപ്ലക്സ് | 13 | 11 | പഞ്ചായത്തിന്റെ ആവശ്യത്തിന് ഉപയോഗിക്കുന്നത് - 2 |
| പൂങ്കാവ് ഷോപ്പിംഗ് കോംപ്ലക്സ് – സ്റ്റാളുകൾ | 8 | 5 | പഞ്ചായത്തിന്റെ ആവശ്യത്തിന് ഉപയോഗിക്കുന്നത് – 1<br>വാടകക്ക് നൽകാത്ത |

| | | | |
|---|---|---|---|
| | | | സ്റ്റാളുകൾ - നം 6, 8 |

**തൻവർഷ കുടിശ്ശിക 282477 രൂപ**

| ഷോപ്പിംഗ് കോംപ്ലക്സ് പേര് | കടമുറി നമ്പർ, വാടകക്കാരന്റെ വിവരങ്ങൾ | വാടക കുടിശ്ശിക |
|---|---|---|
| വകയാർ ഷോപ്പിംഗ് കോംപ്ലക്സ് | റൂം നം.5 (Old), പ്രസിഡന്റ്, സ്വാശ്രയ കർഷക വിപണി | 1883 |
| | റൂം നം.4 (New), പ്രസിഡന്റ്, സ്വാശ്രയ കർഷക വിപണി | 30373 |
| | അസ്സിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. | 203890 |
| വി.കോട്ടയം ഷോപ്പിംഗ് കോംപ്ലക്സ് | റൂം നം.1, പ്രസന്നകുമാരി, ആര്യഭവൻ | 3905 |
| | റൂം നം.2, കെ.എസ്. പ്രദീപ്, കൊരണ്ടിപ്പിള്ളിൽ | 7027 |
| | റൂം നം.3, ശ്രീധരൻ നായർ, ശ്രീജാ ഭവൻ | 8081 |
| | റൂം നം.4, അജിതകുമാരി, കൊരണ്ടിപ്പിള്ളിൽ | 8850 |
| പൂങ്കാവ് ഷോപ്പിംഗ് കോംപ്ലക്സ് | സ്റ്റാൾ 1 രാധാ, രാധാ ഭവനം | 3402 |
| | അബ്ദുൾ റഷീദ്, അലങ്കാരത്ത് വീട് | 15066 |
| | ആകെ | 282477 |

**മുൻവർഷങ്ങളിലെ കുടിശ്ശിക 548928 രൂപ**

| **കടമുറി നമ്പർ** | **വാടകക്കാരന്റെ വിവരങ്ങൾ** | **വാടക കുടിശ്ശിക** |
|---|---|---|
| പൂങ്കാവ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം.3 | ലിസി ജോഷ്വ, മരുതിമൂട്ടിൽ, കോന്നി | 462526 |
| പൂങ്കാവ് ഷോപ്പിംഗ് കോംപ്ലക്സ് സ്റ്റാൾ നം.1 | റോസമ്മ, ചെറുവനംതോട്ടത്തിൽ | 24570 |
| വി.കോട്ടയം ഷോപ്പിംഗ് കോംപ്ലക്സ് റൂം നം. 7 | മനോജ് കെ.പി., കുളിക്കുന്ന പാറയിൽ | 29276 |
| വകയാർ ഷോപ്പിംഗ് കോംപ്ലക്സ് റൂം നം. 4 (Old) | പ്രസിഡന്റ്, സ്വാശ്രയ കർഷക വിപണി | 1884 |
| വകയാർ ഷോപ്പിംഗ് കോംപ്ലക്സ് റൂം നം. 4 (New) | പ്രസിഡന്റ്, സ്വാശ്രയ കർഷക വിപണി | 30372 |
| ആകെ | | 548928 |

ഒഴിഞ്ഞു കിടക്കുന്ന വകയാർ പുതിയ ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നമ്പർ – 3, പൂങ്കാവ് ജംഗ്ഷനിലുള്ള 6, 8 സ്റ്റാളുകൾ, വി.കോട്ടയം ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നമ്പർ – 6, 7 എന്നിവ വാടകയ്ക്ക് നൽകുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടലും നിരീക്ഷണവും ഉണ്ടാവേണ്ടതാണ്.

## 1-13 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന്, കേരള പഞ്ചായത്ത് രാജ് (ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായ എല്ലാ സ്ഥാപനങ്ങളും 2024-25 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടില്ല. ഹരിതകർമ്മ സേനയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം, ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങളുടെ എണ്ണം, പഞ്ചായത്ത് ലൈസൻസ് നൽകിയ സ്ഥാപനങ്ങളുടെ എണ്ണം എന്നിവ തമ്മിലുള്ള വ്യത്യാസം ചുവടെ പട്ടികയിൽ ചേർക്കുന്നു.

<table>
<tr><th>വാർഡ് നം.</th><th>ഹരിത കർമ്മ സേന രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ</th><th>ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ</th><th>പഞ്ചായത്ത് ലൈസൻസ് നല്കിയ സ്ഥാപനങ്ങൾ</th></tr>
<tr><td>1</td><td>29</td><td>38</td><td rowspan="19">വാർഡ് തിരിച്ചുള്ള കണക്ക് ലഭ്യമല്ല</td></tr>
<tr><td>2</td><td>8</td><td>24</td></tr>
<tr><td>3</td><td>38</td><td>37</td></tr>
<tr><td>4</td><td>22</td><td>17</td></tr>
<tr><td>5</td><td>33</td><td>16</td></tr>
<tr><td>6</td><td>20</td><td>10</td></tr>
<tr><td>7</td><td>28</td><td>11</td></tr>
<tr><td>8</td><td>16</td><td>9</td></tr>
<tr><td>9</td><td>12</td><td>9</td></tr>
<tr><td>10</td><td>10</td><td>3</td></tr>
<tr><td>11</td><td>19</td><td>30</td></tr>
<tr><td>12</td><td>21</td><td>11</td></tr>
<tr><td>13</td><td>11</td><td>9</td></tr>
<tr><td>14</td><td>20</td><td>7</td></tr>
<tr><td>15</td><td>47</td><td>24</td></tr>
<tr><td>16</td><td>19</td><td>16</td></tr>
<tr><td>17</td><td>13</td><td>7</td></tr>
<tr><td>18</td><td>102</td><td>70</td></tr>
<tr><td>19</td><td>60</td><td>28</td></tr>
<tr><td>ആകെ</td><td>528</td><td>376</td><td>324</td></tr>
</table>

ഹരിതകർമ്മ സേനയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം 528 ആയിരിക്കെ, ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം 324 മാത്രമാണ്. പട്ടിക പരിശോധിച്ച്, ലൈസൻസ് ഇല്ലാത്ത സ്ഥാപനങ്ങൾ ഒന്നുംതന്നെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഓഡിറ്റ് വർഷം ലൈസൻസ് എടുത്തിട്ടില്ലാത്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | റേഷൻ കടകൾ (19 എണ്ണം) |
| 2 | പ്രമാടം ക്ഷീരോല്പാദക സഹകരണ സംഘം |
| 3 | വകയാർ ക്ഷീരോല്പാദക സഹകരണ സംഘം |
| 4 | വി.കോട്ടയം ക്ഷീരോല്പാദക സഹകരണ സംഘം |
| 5 | ഇളകൊള്ളൂർ ക്ഷീരോല്പാദക സഹകരണ സംഘം |
| 6 | അശ്വതി റിങ്ങ് വർക്ക്സ് |
| 7 | ആക്രി വ്യാപാരം, മല്ലശ്ശേരിമുക്ക് |
| 8 | വാലുമണ്ണിൽ ബിൽഡേഴ്സ് |
| 9 | പാലാഴി പശു ഫാം |

.

## 1-14 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുത്തില്ല

മൊബൈൽ ടവറുകളുടെ വസ്തു നികുതി കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന പരിശോധിച്ചപ്പോൾ താഴെ പറയുന്ന ടവർ ഉടമകൾ വസ്തു നികുതി ഒടുക്കിയിട്ടില്ലെന്ന് കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **വാർഡ് നം./ കെട്ടിട നം.** | **മൊബൈൽ ടവർ** | **കുടിശ്ശിക കാലയളവ്** | **അടവാക്കാനുള്ള തുക** |
|---|---|---|---|---|
| 1. | 6/442/A | റിലയൻസ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ്, ബി.എസ്.എൻ.എൽ. | 2022-23 2023-24 2024-25 | 22794 |
| 2. | 15/496/C | സബ് ഡിവിഷണൽ എഞ്ചിനീയർ, ബി.എസ്.എൻ.എൽ. | 2024-25 | 9394 |
| 3. | 16/186/A | സബ് ഡിവിഷണൽ എഞ്ചിനീയർ, ബി.എസ്.എൻ.എൽ. | 2024-25 | 9394 |
| 4. | 17/142 | സബ് ഡിവിഷണൽ എഞ്ചിനീയർ, ബി.എസ്.എൻ.എൽ. | 2022-23 2023-24 2024-25 | 54847 |
| | | ആകെ | | 96429 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.23/27-06-2025) മറുപടിയായി മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതിന് ഡിമാൻഡ് നോട്ടീസ് നല്കിയിട്ടുണ്ടെന്നും റവന്യു റിക്കവറി/പ്രോസിക്യൂഷൻ നടപടികളിലൂടെ കുടിശ്ശിക ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സഹിതം പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 ടെണ്ടർ ഫീസ് - ലഭിക്കാൻ അവശേഷിക്കുന്നത് 83870 രൂപ

ടെണ്ടർ ഫീസ് ഇനത്തിൽ കരാറുകാരിൽ നിന്നും ഈടാക്കി എൽ.ഐ.ഡി. & ഇ.ഡബ്ല്യു. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ള തുക തിരികെ ലഭിച്ചിട്ടില്ല. 01.01.2021 മുതൽ 09.09.2023 വരെയുള്ള കാലയളവിലെ തുകയായ 83,870 രൂപയാണ് ലഭിക്കാനുള്ളത്.

28-09-2013-ലെ ജി.ഒ.(എം.എസ്.)318/2013/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം, ഇ-ടെണ്ടർ മുഖേന ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി., ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയ ടെണ്ടർ ഫീസാണ് തിരികെ ലഭിക്കാൻ അവശേഷിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കാലയളവ് | തുക |
|---|---|
| 01/01/2021 - 31/03/2021 | 2825 |
| 01/10/2021-31/12/2021 | 2950 |
| 01/01/2022 - 31/03/2022 | 9280 |
| 01/10/2022 -31/12/2022 | 9385 |
| 01/01/2023 - 31/03/2023 | 11035 |
| 01/07/2023 - 09/09/2023 | 48395 |
| ആകെ | 83870 |

ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിനായി 20/05/2025-ൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയെങ്കിലും തുക ലഭ്യമായില്ല. വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതും തുക

ലഭ്യമാകുന്ന മുറയ്ക്ക് തനത് ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

## 1-16 ധന മാനേജ്മെന്റ് കാര്യക്ഷമമല്ല - പലിശ രഹിത അക്കൗണ്ടുകളിൽ സൂക്ഷിച്ചത് 2.82 കോടി രൂപ

ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന നികുതി/നികുതിയേതര വരുമാനം, പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എന്നിവ വിവിധ അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നത് കൃത്യമായ ധനമാനേജ്മെന്റിന് അനുസൃതമായിട്ടല്ല എന്നു കാണുന്നു. ഇടപാടുകൾ നടത്തുന്നതിലും അപാകതകൾ ഉള്ളതായി കാണുന്നു. ഗ്രാമപഞ്ചായത്തിന് ലഭിച്ച വരുമാനം കൈകാര്യം ചെയ്തതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന നികുതി/നികുതിയേതര വരുമാനം, പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എന്നിവ കറന്റ് അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നതു കാരണം പലിശയിനത്തിൽ ലക്ഷങ്ങളുടെ നഷ്ടം ഉണ്ടാകുന്നു. തൻ വർഷം പലിശ രഹിത അക്കൗണ്ടുകളിൽ നിഷ്ക്രിയമായി സൂക്ഷിച്ചത് 2.82 കോടി രൂപയാണ്. തനത് ഫണ്ട് നിക്ഷേപിക്കുന്ന കേരള ബാങ്കിന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന് ലഭിക്കുന്ന വാർഷിക പലിശ 4% ആണ്. തുകകൾ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിരുന്നുവെങ്കിൽ പലിശയിനത്തിൽ ഗണ്യമായ തുക പഞ്ചായത്തിന് ലഭിക്കുമായിരുന്നു.

വരവ് തുകകൾ പലിശരഹിത അക്കൗണ്ടുകളിൽ സൂക്ഷിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തുക നിക്ഷേപിക്കുന്ന ബാങ്ക് അക്കൗണ്ടിന്റെ വിവരം | ബാങ്ക്, അക്കൗണ്ട് നമ്പർ | 2024-25 വർഷം അക്കൗണ്ടിൽ സൂക്ഷിച്ചിരുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 1. | നികുതി ഓൺലൈനായി അടവാക്കുന്നതിനായി ആരംഭിച്ച പലിശ രഹിത അക്കൗണ്ട് | SBI 67396844208 | 2,53,00,000 | നിലവിലും കറന്റ് അക്കൗണ്ടിൽ നിഷ്ക്രിയമായി തുടരുന്നു (31-03-2025-ലെ തുക) |
| 2. | BHIM-UPI അധിഷ്ഠിത ഡിജിറ്റൽ പേയ്മെന്റിനായി മാത്രം ഉപയോഗിക്കുന്ന കറന്റ് അക്കൗണ്ട് | HDFC 50200085261649 | 24,85,000 | എല്ലാ മാസവും റികൺസിലിയേഷൻ നടത്തി തനതു ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണമെന്ന് സർക്കാർ നിഷ്കർഷിച്ചിരിക്കെ 29.03.2025 ൽ മാത്രമാണ് തുക തനതു ഫണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചത്. |
| 3. | അസിസ്റ്റന്റ് എൻജിനീയറുടെ പേരിലുള്ള ഇ – ടെണ്ടർ ഫീസ് നിക്ഷേപിക്കുന്നതിനുള്ള കറന്റ് അക്കൗണ്ട് | SBI 41932021754 | 4,78,166 | 20.05.2023-ൽ ആരംഭിച്ച കറന്റ് അക്കൗണ്ടിലെ തുക ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് 06.06.2025-ൽ തനതു ഫണ്ടിൽ നിക്ഷേപിച്ചു. |
| | ആകെ | | 2,82,63,166 | |

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവുകൾക്കായി മുൻകൂർ നൽകിയ തുക തിരികെ ലഭിച്ചത്, ലൈഫ് പദ്ധതിയ്ക്കുള്ള സംസ്ഥാന വിഹിതം, ഐ.സി.ഡി.എസ്. കേന്ദ്ര വിഹിതം, തുടങ്ങിയവ ഇ-പേയ്മെന്റ് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. ഇവ തനത് ഫണ്ട്

നിക്ഷേപിക്കുന്നതിനുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാതെ കറന്റ് അക്കൗണ്ടിൽ (ഇ-പേയ്മെന്റ് അക്കൗണ്ടിൽ) ക്രെഡിറ്റ് ചെയ്യുന്നു. 2024-25 സാമ്പത്തിക വർഷം അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തുക |
|---|---|
| തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവുകൾക്കായി നൽകിയ തുക തിരികെ ലഭിച്ചത് | 1085899 |
| ലൈഫ് പദ്ധതിയ്ക്കുള്ള സംസ്ഥാന വിഹിതം | 500000 |
| ഐ.സി.ഡി.എസ്. കേന്ദ്ര വിഹിതം | 3617490 |

**<u>ഇ-പേയ്മെന്റ് അക്കൗണ്ടിൽ ലൈഫ് പദ്ധതിയ്ക്കായുള്ള KURDFC ലോൺതുക നിക്ഷേപിക്കുന്നു</u>**

2024-25 സാമ്പത്തിക വർഷം അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| തീയതി | ക്രെഡിറ്റ് ചെയ്ത തുക |
|---|---|
| 21.10.2024 | 800000 |
| 30.12.2024 | 200000 |

KURDFC ലോൺ തുക നിക്ഷേപിക്കുന്നതിന് കാനറാ ബാങ്കിൽ പ്രത്യേകം സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉണ്ടെന്നിരിക്കേ പലിശ രഹിത ഇ-പേയ്മെന്റ് അക്കൗണ്ടിൽ തുക നിക്ഷേപിക്കുന്നതിന്റെ സാഹചര്യം വ്യക്തമല്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/26.06.2025) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ നിറവേറ്റുന്നതിന് പിരിച്ചെടുക്കുന്ന പൊതുപ്പണം, പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ഗ്രാന്റുകൾ എന്നിവ പലിശ ലഭിക്കുന്ന തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കാതെ നിഷ്ക്രിയ അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നത് സ്ഥാപനത്തിലെ ശരിയായ ധന മാനേജ്മെന്റിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്. പഞ്ചായത്തിന് ലഭ്യമായ ഫണ്ട് കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിലും, അത് പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിലും വേണ്ടത്ര ശ്രദ്ധയുണ്ടായിട്ടില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ, വിശിഷ്യാ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു. പഞ്ചായത്തിന്റെ ധനമാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>1-17 2.58 കോടി രൂപയുടെ ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല</u>

വാർഷിക ധനകാര്യ പത്രിക പ്രകാരം, വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവ്വഹണത്തിനായി കെ.എസ്.ഇ.ബി-യിൽ ഡെപ്പോസിറ്റ് ചെയ്ത 1,04,80,008 രൂപയും, കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത 1,51,63,164 രൂപയും, ഭൂജല വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത 2,03,208 രൂപയും ഉൾപ്പടെ ആകെ 2,58,46,380 രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇനം തിരിച്ചുള്ള സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുകകളുടെ വിശദാംശം ലഭ്യമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/30.06.2025) മറുപടി ലഭ്യമാക്കിയില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി പൂർത്തീകരിക്കാൻ അവശേഷിക്കുന്ന പ്രവൃത്തികളുടെ വിവരങ്ങൾ കൃത്യമാക്കേണ്ടതാണ്. പൂർത്തീകരണ സാക്ഷ്യപത്രം ലഭിക്കാത്ത പ്രവൃത്തികളിന്മേൽ മോണിട്ടറിംഗ് നടത്തി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## <u>1-18 പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തണം</u>

പ്രമാടം ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിൽ 136 പൊതു ടാപ്പുകളാണ് ഉള്ളത്. ടാപ്പ് ഒന്നിന് പ്രതിവർഷം 14559 രൂപ നിരക്കിൽ ഒരു മാസം 1,65,002 രൂപ വെള്ളക്കരം ഇനത്തിൽ ചെലവുണ്ട്. പ്രവർത്തന രഹിതമായ പൊതുടാപ്പുകൾ കണ്ടെത്താനും പൊതു ടാപ്പുകളുടെ എണ്ണം നിശ്ചയിക്കാനും കേരള വാട്ടർ

അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തണമെന്ന് സർക്കാർ ഉത്തരവുള്ളതാണ്. എന്നാൽ സംയുക്ത പരിശോധന അവസാനം നടന്നത് 27/01/2022 തീയതിലാണ്. കേരള വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തും ചേർന്ന് സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്തുന്നതിനു, പ്രവർത്തന രഹിതമായതും, അനിവാര്യമല്ലാത്തതുമായ ടാപ്പുകൾ പൂർണ്ണമായും ഒഴിവാക്കി ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് ഉണ്ടാകുന്ന പാഴ്ചെലവ് ഒഴിവാക്കുന്നതിനും അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 യുണൈറ്റഡ് ഇലക്ട്രിക്കൽസ് സ്വന്തമായി ഉൽപാദിപ്പിക്കാത്ത തെരുവ് വിളക്ക് ഉപകരണങ്ങൾ ടെണ്ടർ കൂടാതെ അവരിൽനിന്നും വാങ്ങി

2024-25-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.1/25 പ്രകാരം 15 ലക്ഷം രൂപ അടങ്കൽ വകയിരുത്തി തെരുവ് വിളക്കുകൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്. യുണൈറ്റഡ് ഇലക്ട്രിക്കൽസ് ലിമിറ്റഡ് മുഖാന്തിരമാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. സെക്രട്ടറിയാണ് പദ്ധതി നിർവ്വഹിച്ചിരിക്കുന്നത്. പദ്ധതിയ്ക്ക് ആകെ 1384854 രൂപ ചെലവഴിച്ചു.

സർക്കാർ ഏജൻസികൾ നിർമ്മിക്കുന്ന സാധനങ്ങൾ ടെണ്ടർ കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാവുന്നതാണെന്ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 13.8.2018-ൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിരുന്നു (തീരുമാനം നം.4.38). ആയത് പരിഗണിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്കാവശ്യമായതും യുണൈറ്റഡ് ഇലക്ട്രിക്കൽസ് നിർമ്മിക്കുന്നതുമായ എൽ.ഇ.ഡി. ലൈറ്റുകൾ ഉൾപ്പെടെയുള്ള തെരുവ് വിളക്കുകൾ ടെണ്ടർ കൂടാതെ ആ സ്ഥാപനത്തിൽ നിന്ന് വാങ്ങുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകിയിരുന്നു (31.8.2018-ലെ സ.ഉ(സാധാ)നം.2330/2018/തസ്വഭവ നമ്പർ ഉത്തരവ്). എന്നാൽ യുണൈറ്റഡ് ഇലക്ട്രിക്കൽസ് സ്വന്തമായി നിർമ്മിക്കാത്ത Crompton, Havells മുതലായ കമ്പനികളുടെ 4040 എണ്ണം 20W LED ബൾബുകളാണ് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി എന്ന നിലയിൽ ഇടനിലനിന്ന് മറ്റൊരു സ്ഥാപനത്തിൽനിന്നും വാങ്ങി പഞ്ചായത്തിന് വിതരണം ചെയ്തത്. 2.9.2022-ലെ ജി.ഒ.(പി)നം.104/2022/ധന നമ്പർ ഉത്തരവ് പ്രകാരം ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി (PMC) ആയി പ്രവർത്തിക്കുന്നതിനാണ് സർക്കാർ യുണൈറ്റഡ് ഇലക്ട്രിക്കൽസ് ലിമിറ്റഡിന് അക്രഡിറ്റേഷൻ നൽകിയിട്ടുള്ളത്. ഉപകരണങ്ങളുടെ പ്രോക്യൂർമെന്റിന് മാത്രമായി യുണൈറ്റഡ് ഇലക്ട്രിക്കൽസുമായി എഗ്രിമെന്റിൽ ഏർപ്പെട്ടതും അവരെ ഇടനിലനിർത്തി അന്യ സ്ഥാപനത്തിൽനിന്നും തെരുവുവിളക്കുകൾ വാങ്ങിയതും ക്രമവിരുദ്ധമാണ്. പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയ തെരുവ് വിളക്കുകൾ ഇലക്ട്രിക്ക് പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ടെണ്ടർ മുഖേന മറ്റൊരു കരാറുകാരനെയാണ് പഞ്ചായത്ത് ഏൽപ്പിച്ചത്. വിപണി വിലയുമായി തട്ടിച്ച് നോക്കി വിലയുടെ യുക്തിഭദ്രതയും പഞ്ചായത്ത് ഉറപ്പ് വരുത്തിയില്ല. ക്രമവിരുദ്ധമായി നടത്തിയിട്ടുള്ള ഈ ഇടപാടിൽ പഞ്ചായത്തിന് കുറഞ്ഞത് 2.4 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായി. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-1 കാണുക.

## 1-20 മരണപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പെൻഷൻ തുക ക്രെഡിറ്റ് ചെയ്തു

പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് ഉത്തരവാദപ്പെട്ടവർ ശ്രദ്ധിച്ചിട്ടില്ല. മരണപ്പെട്ട രണ്ട് ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് അവരുടെ മരണശേഷവും പെൻഷൻ ക്രഡിറ്റ് ചെയ്യാൻ ഇടയായിട്ടുണ്ട്. ഈയിനത്തിൽ ചെലവ് നഷ്ടം ഉണ്ടായതിന്റെ വിശദാംശം ഖണ്ഡിക 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-21 ലൈഫ് പദ്ധതിയിൽ ഭൂരഹിതർക്ക് വാങ്ങി നൽകിയ വസ്തു വാസയോഗ്യമല്ല

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടതും ഭൂരഹിതയും ആയ ഗുണഭോക്താവ് അനുയോജ്യമല്ലാത്ത വസ്തു വാങ്ങിയതിന് ലൈഫ് പദ്ധതിയിൽപ്പെടുത്തി 2021-22 സാമ്പത്തിക വർഷം 225000 രൂപ ധനസഹായം നൽകി. ഗുണഭോക്താവായ ശ്രീമതി സുരഭി, ചരിവുകാലായിൽ, വെള്ളപ്പാറ, വി-കോട്ടയം എന്ന ഗുണഭോക്താവ് ഭവന നിർമ്മാണത്തിന് പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടെങ്കിലും വാങ്ങിയ ഭൂമി ഭവന നിർമ്മാണത്തിന് അനുയോജ്യമല്ലാത്തതിനാൽ പണി ആരംഭിച്ചിട്ടില്ല.



ഭൂരഹിതക്ക് വാങ്ങി നൽകിയ വാസയോഗ്യമല്ലാത്ത ഭൂമി

അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.29/30.06.2025) മറുപടിയായി, 2021-22 വർഷം വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി "ഭൂരഹിതർക്ക് വസ്തുവാങ്ങൽ" എന്ന പദ്ധതിയിൽപ്പെടുത്തി 11-ാം വാർഡിലെ കൈതക്കര പാപ്പിമുരുപ്പ് എന്ന സ്ഥലത്ത് വസ്തു വാങ്ങിയതിന് ഗുണഭോക്താവിന് 2,25,000 രൂപ നൽകിയിരുന്നു (Bill Reference No 1411005/22.3.2022 87000 രൂപ; BRN 1411134/ 22.3.2022 138000 രൂപ) എന്നും, എന്നാൽ ടി സ്ഥലം ഉയർന്നതും ചരിവുള്ളതുമായ പ്രദേശത്താണെന്നും, തൊട്ട് താഴെയുള്ള ഭൂമി ക്രമാതീതമായി മണ്ണെടുത്തതിനാൽ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞില്ലെന്നും അറിയിച്ചു. 28.6.2025-ൽ വി.ഇ.ഒ.-യുടെ സാന്നിദ്ധ്യത്തിൽ സ്ഥലം സന്ദർശിച്ചതിൽ, ചെങ്കുത്തായതും മണ്ണിടിച്ചിലിന് സാദ്ധ്യത ഉള്ളതുമായ കുന്നിന്റെ താഴ്ന്ന ഭാഗത്താണ് ഗുണഭോക്താവ് ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങിയിട്ടുള്ളതെന്ന് കണ്ടു. ഈ ഭൂമിയിൽ വീട് വെച്ച് താമസിയ്ക്കുന്നതിന് യോഗ്യമല്ലെന്ന് പ്രഥമ ദൃഷ്ടിയിൽതന്നെ വ്യക്തമാണ്.

ലൈഫ് പദ്ധതിയുടെ നിർവ്വഹണച്ചുമതലയുണ്ടായിരുന്ന വി.ഇ.ഒ. കൃത്യമായി സ്ഥലം പരിശോധിക്കാതെ ധനസഹായം നൽകിയത് ഗുരുതരമായ കൃത്യവിലോപം ആയി വിലയിരുത്തുന്നു. ഇത് പട്ടികവർഗ്ഗത്തിനായുള്ള പദ്ധതി ഫണ്ടിന്റെ ദുർവ്വിനിയോഗത്തിലേക്ക് നയിച്ചു. ഗുണഭോക്താവ് വാങ്ങിയ ഭൂമി ഭവന നിർമ്മാണത്തിന് അനുയോജ്യമാണോയെന്ന് പരിശോധിച്ച് ബോധ്യപ്പെടാതെ സബ്സിഡി വിതരണം ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-22 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല

മുൻകാല വാർഷിക പദ്ധതികളുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള കുടിവെള്ള പ്രോജക്ടുകളിൽ നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്ന പ്രോജക്ടുകളുടെ വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.31/30.6.2025) സെക്രട്ടറി ചുവടെ ചേർക്കും പ്രകാരം മറുപടി ലഭ്യമാക്കി.

| ക്രമ നം. | കുടിവെള്ള പദ്ധതിയുടെ പേര് | നിലവിലെ അവസ്ഥ |
|---|---|---|
| 1. | വിലങ്ങുപാറ കുടിവെള്ള പദ്ധതി | വൈദ്യുതി കണക്ഷൻ എടുക്കുന്നതിനായി കെ.എസ്.ഇ.ബി.യ്ക്ക് കത്ത് നൽകിയിട്ടുണ്ട്. |
| 2. | ഇളകൊള്ളൂർ ലക്ഷം വീട് കോളനി കുടിവെള്ള പദ്ധതി | കിണർ, പമ്പ് ഹൗസ്, പൈപ്പ് ലൈൻ, വാട്ടർ ടാങ്ക് ഇവ സ്ഥാപിച്ചിട്ടുണ്ട്. പമ്പ് ഹൗസ് വയറിംഗിന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |
| 3. | കൈതക്കര എസ്.ടി. കോളനി കുടിവെള്ള പദ്ധതി | കിണർ, ടാങ്ക്, പൈപ്പ് മുതലായ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. പമ്പ് ഹൗസ്, വയറിംഗ് എന്നിവ അവശഷിക്കുന്നു. |

ഏറ്റെടുത്തിട്ടുള്ള പ്രോജക്ടുകൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനും, പ്രോജക്ടിന്റെ പ്രയോജനം ലഭിക്കുന്ന ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിച്ച് പദ്ധതികളുടെ നടത്തിപ്പ് ഗ്രൂപ്പിന് കൈമാറുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 മരാമത്ത് പ്രോജക്ടുകൾ നടപ്പിലാക്കാതെ ഉപേക്ഷിച്ചു

2023-24 വർഷം അംഗീകാരം ലഭിച്ച വിവിധ മരാമത്ത് പ്രവൃത്തികൾ 2024-25 വർഷം സ്പിൽ ഓവറായി നിലനിർത്താതെ ഉപേക്ഷിച്ചു. പ്രവൃത്തികൾ ഉപേക്ഷിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/17.06.2025) അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ മറുപടിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | SO/ NEW | അടങ്കൽ തുക | പ്രോജക്ട് നടപ്പിലാക്കാത്തതിന്റെ കാരണം |
|---|---|---|---|---|---|
| 1. | 390 | അമ്മൂമ്മത്തോട് മാലിന്യമുക്തമാക്കൽ വാർഡ് 18 | New | 100000 | സാമ്പത്തിക വർഷം അവസാനം അംഗീകാരം ലഭിച്ച പ്രോജക്ട് ആയതിനാൽ നടപടിക്രമങ്ങൾ പാലിച്ച് പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ ഉപേക്ഷിച്ചു. |
| 2. | 340 | കൈതക്കര തച്ചിറമണ്ണിൽ റോഡ് മെയിന്റനൻസ് വാർഡ് 10 | New | 118600 | ടെണ്ടർ സേവിംഗ്സ് എടുത്ത പ്രവൃത്തി, സാമ്പത്തിക വർഷം അവസാനം അംഗീകാരം ലഭിച്ച പ്രോജക്ട് ആയതിനാൽ നടപടിക്രമങ്ങൾ പാലിച്ച് പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ ഉപേക്ഷിച്ചു. |
| 3. | 303 | കൈനടിപ്പടി തേവരു കടവ് റോഡ് മെയിന്റനൻസ് വാർഡ് 19 | New | 300000 | പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപ് ബഹു. കളക്ടർക്ക് പരാതി പോയിട്ടുള്ളതും ആയത് തീർപ്പാക്കാത്തതിനാലും ഉപേക്ഷിച്ചു |
| 4. | 341 | ചക്കാലയിൽപടി മേലേമുരുപ്പ് റോഡ് മെയിന്റനൻസ് വാർഡ് 5 | New | 97300 | റോഡിന്റെ അതിരു സംബന്ധിച്ച് തർക്കം വന്നതിനാൽ ഉപേക്ഷിച്ചു. |
| 5. | 32 | ചക്കാലയിൽപ്പടി മേലേമുരുപ്പ് റോഡ് കോൺക്രീറ്റ് വാർഡ് 5 | New | 156800 | റോഡിന്റെ അതിരു സംബന്ധിച്ച് തർക്കം വന്നതിനാൽ ഉപേക്ഷിച്ചു. |
| 6. | 250 | ഞെട്ടേത്ത് പടി റോഡ് സൈഡ്കെട്ടും റീ കോൺക്രീറ്റിംഗും വാർഡ് 7 | SO | 207378 | പ്രവൃത്തി ചെയ്യുന്നതിനുള്ള തുക പര്യാപ്തമല്ലാത്തതിനാൽ തുക കൂടുതൽ വകയിരുത്തി പുതിയ പദ്ധതി രൂപീകരിച്ചു. |
| 7. | 267 | നെല്ലിക്കുഴി മുരുപ്പ് എസ് സി കോളനി റോഡ് സംരക്ഷണ | SO | 288788 | റോഡിന്റെ അതിരു സംബന്ധിച്ച് തർക്കം വന്നതിനാൽ |

| | | | | | |
|---|---|---|---|---|---|
| | | ഭിത്തി നിർമ്മാണം | | | ഉപേക്ഷിച്ചു. |
| 8. | 258 | പുത്തൂർ മുരുപ്പ്- പാറയടി റോഡ് പുനരുദ്ധാരണം(11) | SO | 109396 | ടെണ്ടർ സേവിംഗ്സ് എടുത്ത പ്രവൃത്തി, സാമ്പത്തിക വർഷം അവസാനം അംഗീകാരം ലഭിച്ച പ്രോജക്ട് ആയതിനാൽ നടപടിക്രമങ്ങൾ പാലിച്ച് പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ ഉപേക്ഷിച്ചു. |
| 9. | 240 | പൂവള്ളിമുരുപ്പേൽ - ശ്രീധരംപടി റോഡ് പുനരുദ്ധാരണം (11) | SO | 42326 | റോഡിന്റെ അതിരു സംബന്ധിച്ച് തർക്കം വന്നതിനാൽ ഉപേക്ഷിച്ചു. |
| 10. | 270 | പ്രമാടം ഗവഎൽ പി സ്കൂൾ മെയിന്റനൻസ് | SO | 101851 | വിദ്യാഭ്യാസ വകുപ്പ് പുതിയ കെട്ടിട നിർമ്മാണത്തിന് ഫണ്ട് വകയിരുത്തിയതിനാൽ പ്രോജക്ട് ഉപേക്ഷിച്ചു. |
| 11. | 345 | വകയാർ മാർക്കറ്റ് ജംഗ്ഷൻ പുതുമനപ്പടി ആയുർവ്വേദ ആശുപത്രി റോഡ് കോൺക്രീറ്റിംഗ് വാർഡ് 12 | New | 68700 | സംസ്ഥാന ഹൈവേ യോട് ചേർന്ന പഞ്ചായത്ത് റോഡിന്റെ തുടക്കഭാഗം കെ.എഎസ്.റ്റി.പി. ചെയ്തതിനാൽ പ്രോജക്ട് ഉപേക്ഷിച്ചു. |
| 12. | 246 | വാർഡ് 11 പാറയടി റോഡ് നവീകരണം | SO | 150000 | പ്രവൃത്തി ചെയ്യുന്നതിനുള്ള തുക പര്യാപ്തമല്ലാത്തതിനാൽ തുക കൂടുതൽ വകയിരുത്തി പുതിയ പദ്ധതി രൂപീകരിച്ചു. |
| 13. | 266 | വാർഡ് 13 വി കോട്ടയം മുപ്രമൺ റോഡ് റീ ടാറിംഗ് | SO | 291000 | പ്രവൃത്തി ചെയ്യുന്നതിനുള്ള തുക പര്യാപ്തമല്ലാത്തതിനാൽ പ്രോജക്ട് ഉപേക്ഷിച്ചു. |
| 14. | 392 | വി കോട്ടയം മാർക്കറ്റ് തോട് മാലിന്യമുക്തമാക്കൽ വാർഡ് 15 | New | 100000 | സാമ്പത്തിക വർഷം അവസാനം അംഗീകാരം ലഭിച്ച പ്രോജക്ട് ആയതിനാൽ നടപടിക്രമങ്ങൾ പാലിച്ച് പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ ഉപേക്ഷിച്ചു. |
| 15. | 388 | ളാക്കൂർ ഏലാ തോട് മാലിന്യ മുക്തമാക്കൽ വാർഡ് 17 | New | 100000 | സാമ്പത്തിക വർഷം അവസാനം അംഗീകാരം ലഭിച്ച പ്രോജക്ട് ആയതിനാൽ |

| | | | | | |
|---|---|---|---|---|---|
| | | | | | നടപടിക്രമങ്ങൾ പാലിച്ച് പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ ഉപേക്ഷിച്ചു. |

കരാറുകാരുടെ വീഴ്ചകൊണ്ടാണ് പ്രവൃത്തികൾ പൂർത്തീകരിക്കാതിരുന്നതെങ്കിൽ ടിയാളുകളുടെ നിരതദ്രവ്യം തനതുഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതും പ്രവൃത്തി പൂർത്തീകരിക്കാതിരിക്കുന്നതിന് നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എഗ്രിമെന്റ്വെച്ച പ്രവൃത്തികളുടെ സംഗതിയിൽ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ക്ലോഷർ എഗ്രിമെന്റ് വെച്ച് വേണം കരാർ ഉടമ്പടി അവസാനിപ്പിക്കേണ്ടത്. എന്നാൽ മേൽ പ്രവൃത്തികളുടെ കാര്യത്തിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ വിവരം ലഭ്യമാക്കിയില്ല. പല പ്രവൃത്തികളും മതിയായ ആസൂത്രണമില്ലാതെയാണ് ആവിഷ്കരിച്ചതെന്ന് മേൽ മറുപടികളിൽനിന്നും വ്യക്തമാണ്. മികച്ച ആസൂത്രണത്തോടു കൂടി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും അംഗീകാരം ലഭിച്ച പദ്ധതിയിൽനിന്നും പ്രോജക്ടുകൾ ഉപേക്ഷിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. വിഷയത്തിൽ വികസനകാര്യ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഉചിതമായ ഇടപെടൽ ഉണ്ടാവണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-24 ലൈഫ് പദ്ധതി - ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

മുൻവർഷങ്ങളിൽ ലൈഫ് ഭവന പദ്ധതിയിൽ ഭവന നിർമ്മാണത്തിന് ആനുകൂല്യം കൈപ്പറ്റിയ ഒട്ടേറെ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തികരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേര്, മേൽവിലാസം | ധനസഹായം ലഭിച്ച വർഷം | വാർഡ് നമ്പർ | കൈപ്പറ്റിയ തുക | പ്രവൃത്തിയുടെ നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | അമ്മിണി, തടത്തിൽ | 2020-21 | 13 | 200000 | ലിന്റൽ വരെ |
| 2 | ജാനകി, ചെമ്പിപ്പറമ്പിൽ | 2021-22 | 15 | 200000 | ഭിത്തി വരെ |
| 3 | കല്യാണി, നെല്ലിക്കുഴി മുരുപ്പേൽ | 2021-22 | 14 | 300000 | മേൽക്കൂര വരെ |
| 4 | ശോഭന, വയലുംകരോട്ട് | 2021-22 | 19 | 160000 | ബേസ്മെന്റ് വരെ. 3 തവണ നോട്ടീസ് നൽകി |
| 5 | രാധിക, ചരുവിളയിൽ | 2021-22 | 10 | 300000 | ഭിത്തി നിരപ്പ് . 3 തവണ നോട്ടീസ് നൽകി |
| 6 | സുധീഷ്, സുധീഷ് ഭവനം | 2021-22 | 1 | 200000 | ബേസ്മെന്റ്. 3 തവണ നോട്ടീസ് നൽകി |
| 7 | പ്രശാന്ത്, പന്തളശ്ശേരിൽ | 2021-22 | 18 | 200000 | ബേസ്മെന്റ്. 3 തവണ നോട്ടീസ് നൽകി |
| 8 | മഞ്ജു സി, തുണ്ടിൽ പടിഞ്ഞാറ്റേതിൽ | 2021-22 | 13 | 300000 | ബേസ്മെന്റ്. മേൽക്കൂര വരെ |
| 9 | സുധീഷ് കുമാർ, മോടിയിൽ | 2021-22 | 18 | 40000 | ബേസ്മെന്റ്. 3 തവണ നോട്ടീസ് |

| | | | | | |
|---|---|---|---|---|---|
| | | | | | നൽകി |
| 10 | അശ്വതി രഘു, അശ്വതി ഭവൻ | 2020-21 | 18 | 300000 | ഭിത്തി നിരപ്പ്. 3 തവണ നോട്ടീസ് നൽകി |
| 11 | രാജീവ്, പൂവല്ലിമുരുപ്പേൽ | 2020-21 | 11 | 300000 | മേൽക്കൂര. 3 തവണ നോട്ടീസ് നൽകി |
| 12 | ബിനു തങ്കപ്പൻ, പുളിക്കക്കാട്ടിൽ | 2020-21 | 2 | 200000 | ബേസ്മെന്റ്. 3 തവണ നോട്ടീസ് നൽകി |
| 13 | ഹരിദാസൻനായർ, വലിയവിള വടക്കേതിൽ | 2022-23 | 13 | 200000 | ബേസ്മെന്റ് വരെ. 3 തവണ നോട്ടീസ് നൽകി |
| 14 | അനിത വി.റ്റി. വാരുകുന്നത്ത് | 2022-23 | 3 | 200000 | ബേസ്മെന്റ് വരെ. 3 തവണ നോട്ടീസ് നൽകി |
| 15 | സരസമ്മ, പുത്തൻപുരയിൽ | 2022-23 | 7 | | പണി ആരംഭിച്ചില്ല. 3 തവണ നോട്ടീസ് നൽകി |

തുടർച്ചയായി നോട്ടീസ് നൽകിയിട്ടും ഗുണഭോക്താക്കൾ പണി പുനരാരംഭിച്ചിട്ടില്ല എന്ന് ഇത് സംബന്ധിച്ച് 28.6.2025-ന് 28-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. പദ്ധതി പ്രകാരം ധനസഹായം കൈപ്പറ്റിയശേഷം വർഷങ്ങൾ കഴിഞ്ഞിട്ടും പണി പൂർത്തീകരിക്കാതിരുന്ന ഗുണഭോക്താക്കളിൽനിന്ന് കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 ഭവന പുനരുദ്ധാരണം - പണി പൂർത്തീകരിച്ചില്ല

2023-24 വർഷം വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഭവന പുനരുദ്ധാരണം എന്ന പദ്ധതി പ്രകാരം ആദ്യഗഡു ധനസഹായം കൈപ്പറ്റിയ ചുവടെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ചില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | തുക നൽകിയ തീയതി |
|---|---|---|---|
| 1. | ഗോപീദാസ്, ഉതിനിൽക്കുന്നതിൽ കിഴക്കേതിൽ | 50000 | 12.1.2024 |
| 2. | പൊന്നമ്മ, കുളവനക്കുഴി മുരുപ്പേൽ | 50000 | 16.1.2024 |
| 3. | ശാന്തമ്മ സുരേന്ദ്രൻ, ചാവരുകുഴി മേലേതിൽ | 50000 | 21.10.2024 |
| 4. | താമരാക്ഷി ആർ, വടക്കേടത്ത് പുത്തൻവീട് | 50000 | 24.10.2024 |
| 5. | സുനിൽകുമാർ, കോൽക്കളേത്ത് | 25000 | 4.3.2024 |
| 6. | രമ്യ അജിത്ത്, പുതുവരത്തിൽ | 25000 | 4.3.2024 |

| | | | |
|---|---|---|---|
| 7. | സുജാതാകുമാരി, ശ്യാമളാഭവൻ | 25000 | 8.2.2024 |
| 8. | അജിത, മുളമൂട്ടിൽ | 25000 | 5.12.2023 |

ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കുന്നതിനോ അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയത് തിരികെ ഈടാക്കിയില്ല

ഓഡിറ്റ് വർഷാന്ത്യത്തിൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 12000 രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു. ക്രമീകരിക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| അഡ്വാൻസ് നൽകിയ വർഷം | മുൻകൂർ കൈപ്പറ്റിയ അളിന്റെ പേര് | ഈടാക്കാൻ ശേഷിക്കുന്ന തുക |
|---|---|---|
| 2023-24 | ഷിബു തോമസ്സ് | 4000 |
| 2024-25 | എ.പി. രമേശ് കുമാർ | 8000 |

ടിയാളുകൾ നിലവിൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്യുന്നവരല്ല. ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/25.06.2025) ബന്ധപ്പെട്ടവർ മറുപടി ലഭ്യമാക്കിയില്ല. ജീവനക്കാർക്ക് നൽകിയ ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-27 തനത് ഫണ്ടിൽ ശേഷിക്കുന്ന ഡെപ്പോസിറ്റ് തുകകൾ - കൃത്യമായ വിവരം ലഭ്യമല്ല

പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതും തിരികെ നൽകാൻ ശേഷിക്കുന്നതുമായ ഡെപ്പോസിറ്റ് തുകകളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഓരോ ഇനങ്ങളേയും സംബന്ധിച്ച് വിശദമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. മുൻ വർഷത്തെ ഡെപ്പോസിറ്റുകൾ ക്യാരി ഓവർ ചെയ്ത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 7 പ്രകാരമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | അവശേഷിക്കുന്ന തുക |
|---|---|
| Contractors’ Earnest Money Deposit | 245,515.00 |
| Suppliers’ Earnest Money Deposit | 114,925.00 |
| Bidders’ Earnest Money Deposit | 99,843.00 |
| Contractors’ Security Deposit | 55,756.00 |
| Suppliers’ Security Deposit | 28,650.00 |
| Bidders’ Security Deposit | 66,313.00 |
| Contractors’ Retention | 350,274.00 |
| Other Deposits | 54,368.00 |
| Rent Deposit | 112,232.00 |
| Auction Deposit | 4,059,392.00 |
| Deposit Received From Others | 2,592.00 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.24/27.06.2025 ) മറുപടി ലഭ്യമാക്കിയില്ല.തുകകളുടെ വിശദാംശങ്ങൾ ശേഖരിച്ച് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും കാലഹരണപ്പെട്ടതാണെങ്കിൽ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതുമാണ് . വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-28 ജൽ ജീവൻ മിഷൻ പദ്ധതി - അവലോകനം

ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) പ്രകാരം ആകെ 1028070000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. വാട്ടർ അതോറിറ്റി നിർവ്വഹണ ഏജൻസി ആയ പദ്ധതിയുടെ നിർവ്വഹണ സഹായ സ്ഥാപനം ആയി കുടുംബശ്രീ ജില്ലാ മിഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. അച്ചൻകോവിലാർ ആണ് പദ്ധതിക്കുള്ള കുടിവെള്ള സ്രോതസ്സായി വിഭാവനം ചെയ്തിട്ടുള്ളത്.

ഡി.പി.ആർ പ്രകാരം ചുവടെ പറയുന്ന ഇനങ്ങളാണ് നടപ്പാക്കാൻ വിഭാവനം ചെയ്തത്.

| ക്രമ നം. | പ്രവൃത്തിയിനം |
|---|---|
| 1 | വ്യാഴിക്കടവിൽ കിണറും പമ്പ് ഹൗസും നിർമ്മിക്കുക |
| 2 | 14150 മീറ്റർ നീളത്തിൽ പമ്പിംഗ് മെയിൻ സ്ഥാപിക്കുക |
| 3 | 25 HP, 30 HP, 45 HP, 20 HP പമ്പ് സെറ്റുകൾ 2 എണ്ണം വീതം സ്ഥാപിക്കുക |
| 4 | 162.54 KM നീളത്തിൽ പൈപ്പ് ലൈൻ നീട്ടൽ |
| 5 | റ്റി.പി സൈറ്റ്, കൊച്ചുമല, കുളപ്പുര, നെടുമ്പാറ, പടപ്പുപാറ എന്നിവിടങ്ങളിൽ Service Resorvoir & Sump |

പദ്ധതിയുടെ ആകെ അടങ്കലിൽ 15% പഞ്ചായത്ത് വിഹിതം ആണ്. എന്നാൽ പദ്ധതിക്കുവേണ്ടി ഗ്രാമപ്പഞ്ചായത്ത് വിഹിതം ആയി നാളിതുവരെ തുക നൽകിയിട്ടില്ല. ഗാർഹിക പൈപ്പ് ലൈൻ സ്ഥാപിക്കൽ മാത്രമാണ് പൂർത്തിയായിട്ടുള്ളത്. ടാങ്ക്, കിണർ, പമ്പ് ഹൗസ് എന്നിവയുടെ പണി ഇതേവരെ ആരംഭിച്ചിട്ടില്ല. ആയതിനാൽ പൈപ്പ് ലൈനുകൾ സ്ഥാപിച്ചെങ്കിലും ഗുണഭോക്താക്കൾക്ക് അതിന്റെ പ്രയോജനം സമീപഭാവിയിൽ ലഭിക്കില്ല. പദ്ധതിയുടെ നിർവ്വഹണം പ്രതിസന്ധിയിലാണെന്ന് വിലയിരുത്തുന്നു. ഈ വിഷയത്തിൽ ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു. പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗം - അവലോകനം

സ.ഉ.(സാധാ)നം.2132/2022/തസ്വഭവ., തീ. 31.08.2022 നമ്പർ ഉത്തരവ് പ്രകാരം 2021-22-ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അറിയിച്ചിട്ടുണ്ട്. സ.ഉ.(സാധാ)നം.1625/2023/തസ്വഭവ., തീ. 09.08.2023 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ 2022-23-ലെ ആരോഗ്യമേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും, സ്കീം-1, സ്കീം-3, സ്കീം-4 എന്നിവ പ്രകാരമുള്ള ഗ്രാന്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 05-07-2022-ലെ പഞ്ചായത്ത് ഡയറക്ടറുടെ PAN.11134/2021-J1(DP) നമ്പർ നടപടിക്രമം പ്രകാരം സ്കീം-3 പ്രകാരമുള്ള രോഗനിർണ്ണയ സൗകര്യങ്ങൾക്കും, സ്കീം-4 പ്രകാരമുള്ള ഹെൽത്ത് & വെൽനെസ്സ് സെന്റർ എന്നിവയ്ക്കുള്ള അധിക തുകയും അനുവദിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന് 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ലഭിച്ച ഹെൽത്ത് ഗ്രാന്റ് | | | **ആകെ** | ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ് | | | **ആകെ** | ബാലൻസ് |
|---|---|---|---|---|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | | 2022-23 | 2023-24 | 2024-25 | | |
| 1 | Support For Diagnostic Infrastructure | 293019 | 1024000 | | **1317019** | 293019 | 751947 | | **1044966** | 272053 |
| 2 | Grant For Rural Health & Wellness Centres | 160000 | 423000 | | **583000** | 160000 | 387668 | | **547668** | 35332 |
| | ആകെ | **453019** | **1447000** | | **1900019** | **453019** | **1139615** | | **1592634** | **307385** |

ഗ്രാമപഞ്ചായത്തിൽ 1 പ്രൈമറി ഹെൽത്ത് സെന്ററും 6 സബ് സെന്ററുകളുമാണുള്ളത്. മല്ലശ്ശേരി,

ഇളകൊള്ളൂർ, കോട്ടയംകര, ളാക്കൂർ, വകയാർ, മെയിൻ സെന്റർ എന്നിവിടങ്ങളിലായാണ് സബ്സെന്ററുകൾ പ്രവർത്തിക്കുന്നത്.

തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പിന്റെ 23.05.2023-ലെ 3/138/2023 നമ്പർ സർക്കുലർ പ്രകാരം സ്വന്തമായി കെട്ടിടമില്ലാത്ത ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി അഞ്ച് സെന്റിൽ കുറയാതെയുള്ള ഭൂമി തദ്ദേശ സ്ഥാപനം ലഭ്യമാക്കേണ്ടതാണ്. വികസന ഫണ്ട് (ജനറൽ), തനത് ഫണ്ട് എന്നിവ ഉപയോഗിച്ച് സ്ഥലം വാങ്ങാവുന്നതാണ്. എന്നാൽ ഈ ആവശ്യത്തിന് പദ്ധതിയിൽപ്പെടുത്തി സ്ഥലം വാങ്ങിയിട്ടില്ല. “Health Grant- Construction Of Sub Centers” എന്ന ഹെഡിൽ ഫണ്ട് ലഭിച്ചിട്ടില്ല. സബ് സെന്റർ കെട്ടിട നിർമ്മാണത്തിന് പദ്ധതികൾ ഒന്നും ഏറ്റെടുത്ത് നിർമ്മാണങ്ങൾ നടത്തിയിട്ടില്ല.

Support For Diagnostic Infrastructure എന്ന ഇനത്തിൽ നൽകിയ തുക ഉപയോഗിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ സ്കീം-3 പ്രകാരം ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കായി നാളിതുവരെ ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ചെലവഴിച്ച തുക | | | ആകെ |
|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | |
| 1. | ഉപകേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | -- | 320407 | -- | 320407 |
| 2. | ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 64 തരം ടെസ്റ്റുകളും ഏർപ്പെടുത്തുക | 138220 | 204334 | -- | 342554 |
| 3. | ഉപകരണങ്ങൾ, കിറ്റുകൾ , റീയേജന്റ് എന്നിവ വാങ്ങുന്നതിനും ഇവ സൂക്ഷിക്കുന്നതിനുമുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക | 149646 | 232359 | -- | 382005 |
| 4. | ഉപകരണങ്ങളുടെ മെയിന്റനൻസ് | | | | |
| 5. | ലാബ് ടെക്നീഷ്യൻ, ഫീൽഡ് സ്റ്റാഫ് എന്നിവർക്ക് പരിശീലനം | -- | -- | -- | -- |
| 6. | ലാബ് ഇല്ലാത്ത സ്ഥാപനങ്ങളിൽ പുതിയ ലാബ് ആരംഭിക്കൽ. | -- | -- | -- | -- |
| | ആകെ | 287866 | 757100 | -- | **1044966** |

സ്കീം-4 പ്രകാരം Grant For Rural Health & Wellness Centres എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റ് ഉപയോഗിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കായി നാളിതു വരെ ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ചെലവഴിച്ച തുക | | | ആകെ |
|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | |
| 1. | പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ | 65962 | 284308 | | 350270 |
| 2. | ഇന്റർനെറ്റ് ചാർജ് | | | | |
| 3. | ബോധവൽക്കരണ ക്ലാസ്സുകൾ | 20000 | 10000 | | 30000 |
| 4 | ജീവനക്കാർക്കും ആശാ വർക്കേഴ്സിനും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം | -- | -- | -- | -- |
| 5. | ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങുക, | 74038 | 93360 | | 167398 |
| | ആകെ | 160000 | 387668 | | 547668 |

ഹെൽത്ത് ഗ്രാന്റ് ഫലപ്രദമായി വിനിയോഗിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. രണ്ട് സ്കീമുകളിലായി ആകെ 3.07 ലക്ഷം രൂപ നിലവിൽ അവശേഷിക്കുന്നുണ്ട്. ടി തുക വകയിരുത്തി പ്രോജക്ടുകൾ ആവിഷ്കരിച്ച് ഫണ്ട് വിനിയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 യുണൈറ്റഡ് ഇലക്ട്രിക്കൽസ് സ്വന്തമായി ഉൽപാദിപ്പിക്കാത്ത തെരുവ് വിളക്ക് ഉപകരണങ്ങൾ ടെണ്ടർ കൂടാതെ അവരിൽനിന്നും വാങ്ങി

| | |
|---|---|
| പദ്ധതിയുടെ പേര് | തെരുവ് വിളക്ക് മെയിന്റനൻസിന് ഉപകരണങ്ങൾ വാങ്ങൽ |
| വകയിരുത്തിയ തുക | 1500000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് 10 ലക്ഷം, തനത് ഫണ്ട് 5 ലക്ഷം) |
| നിർവ്വഹണ ഉദ്യോഗസ്ഥ | സെക്രട്ടറി |
| ആകെ പദ്ധതിച്ചെലവ് | ₹1384854 |
| തടസ്സപ്പെടുത്തിയ തുക | ₹1329980 |
| നിരാകരിച്ച തുക | ₹54874 |
| ബിൽ നം./വൗച്ചർ നമ്പർ, തീയതി | ചെക്ക് നം.1540/3.9.24 – 489266 രൂ.<br>XFC/2024-25/P/20, Dtd. 25.1.25 - 149269 രൂ.<br>XVFC/2024-25/P/32, Dtd. 14.3.25 – 691445 രൂ.<br>XVFC 2024-25/P/20, Dtd. 25.1. 2025 – 54874 രൂ. |

യുണൈറ്റഡ് ഇലക്ട്രിക്കൽസ് സ്വന്തമായി ഉൽപാദിപ്പിക്കാത്ത എൽ.ഇ.ഡി. ബൾബുകൾ ടെണ്ടർ നടപടി കൂടാതെ അവരിൽനിന്ന് നേരിട്ട് വാങ്ങി. വിപണി വിലയുമായി പരിശോധിച്ച് വിലയുടെ യുക്തിഭദ്രത ഉറപ്പ് വരുത്താതിരുന്നതിനാൽ പഞ്ചായത്ത് ഫണ്ടിന് കുറഞ്ഞത് 2.4 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായി.

തെരുവുവിളക്കുകളുടെ മെയിന്റനൻസിനായി ഉപകരണങ്ങൾ വാങ്ങുന്നതിന് ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ 10 ലക്ഷം രൂപയും തനത് ഫണ്ടിനത്തിൽ 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 15 ലക്ഷം രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് നം. 1/25 പ്രകാരം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. സെക്രട്ടറിയാണ് പദ്ധതി നിർവ്വഹിച്ചിരിക്കുന്നത്. തെരുവ് വിളക്കുകൾക്കുള്ള ഉപകരണങ്ങൾ ടെണ്ടർ കൂടാതെ നേരിട്ട് യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ നിന്ന് വാങ്ങുന്നതിന് 12.6.2024-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയുടെ യോഗം തീരുമാനിച്ചു (തീരുമാനം നം.1(2)). തുടർന്ന് സ്ഥാപനം ലഭ്യമാക്കിയ സാമ്പിളുകളും പ്രൊഫോർമാ ഇൻവോയിസും കമ്മിറ്റി നേരിട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തെരുവുവിളക്ക് യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ നിന്ന് വാങ്ങുന്നതിന് 29.6.2024-ലെ 1(1) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അനുമതി നൽകി. 15.7.2024-ൽ സെക്രട്ടറി വർക്ക് ഓർഡർ നല്കുകയും, പഞ്ചായത്തുമായി Project Management Consultancy (PMC) എന്ന നിലയ്ക്ക് എഗ്രിമെന്റിൽ ഏർപ്പെടാൻ നിർദ്ദേശം നൽകുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ യുണൈറ്റഡ് ഇലക്ട്രിക്കൽസും, പഞ്ചായത്തിന് തെരുവ് വിളക്കുകൾ സപ്ലൈ ചെയ്യുന്നതിന് യുണൈറ്റഡ് ഇലക്ട്രിക്കൽസ് കരാർ നൽകിയിട്ടുള്ള കുണ്ടറയിലുള്ള കൊച്ചുമേലേതിൽ ഏജൻസീസ്, പഞ്ചായത്ത് സെക്രട്ടറി എന്നിവർ ത്രികക്ഷി കരാറിൽ ഒപ്പുവെച്ചിട്ടുണ്ട് (കരാറിൽ തീയതി വെച്ചിട്ടില്ല).

കൊച്ചുമേലേതിൽ ഏജൻസീസിൽനിന്ന് തെരുവ് വിളക്കുകൾ വാങ്ങി പഞ്ചായത്തിന് കൈമാറുക മാത്രമാണ് യുണൈറ്റഡ് ഇലക്ട്രിക്കൽസ് ചെയ്തിട്ടുള്ളത്. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ | ടാക്സ് | വാങ്ങിയ | എണ്ണം | നിരക്ക് | വില | ആകെ | ബിൽ |
|---|---|---|---|---|---|---|---|

| നമ്പർ | ഇൻവോയിസ് നമ്പർ, തീയതി | തെരുവുവിളക്ക്/ അനുബന്ധ സാമഗ്രി | | (ടാക്സ് ഉൾപ്പെടെ ഒരെണ്ണത്തിന് ) | | ബിൽതുക | റഫറൻസ് നമ്പർ, തീയതി |
|---|---|---|---|---|---|---|---|
| 1 | 68/2024-25/29.7.24 | Crompton 20W LED Bulb | 1500 | 283.33 | 424994.7 | 536650 (489266 രൂപ നൽകി) | Cheque No.1540/3.9.24 |
| | | Reo Pendent Holder | 1000 | 22.221 | 22220.58 | | |
| | | Aluminium Shade | 950 | 52.77 | 50131.12 | | |
| | | Aluminium Wire 1.5 Sq.Mm | 100 | 377.77 | 37776.992 | | |
| | | Vinay Insulation Tape | 150 | 10.18 | 1526.98 | | |
| 2 | 287/2024-25/28.12.24 | Crompton 20W LED Bulb | 500 | 283.2 | 141600 | 149269 | Voucher No XFC/2024-25/ P/20 Date 25.1.25 |
| | | Reo Pendent Holder | 300 | 22.221 | 6666.174 | | |
| | | Vinay Insulation Tape | 100 | 10.03 | 1003 | | |
| 3 | 376/2024-25/10.3.25 | Havells 20W LED Lamp | 2040 | 283.33 | 577992.792 | 691445 | Voucher No XVFC/2024-25/ P/32 Dated 14.3.25 |
| | | Crompton 20W LED Bulb | 200 | 283.33 | 56665.96 | | |
| | | Aluminium Wire 1.5 Sq.Mm | 100 | 377.7 | 37770.03 | | |
| | | Reo Pendent Holder | 810 | 22.221 | 17998.67 | | |
| | | Fibros Insulation Tape | 100 | 10.18 | 1017.986 | | |

***നോട്ട് : ആകെ ബിൽ തുകയിൽ 1329980 രൂപ മാത്രമാണ് യുണൈറ്റഡ് ഇലക്ട്രിക്കൽസിന് നാളിതുവരെ നൽകിയിട്ടുള്ളത്.***

1. **<u>യുണൈറ്റഡ് ഇലക്ട്രിക്കൽസ് സ്വന്തമായി നിർമ്മിക്കാത്ത ബൾബ് ടെണ്ടർ കൂടാതെ അവരിൽ നിന്ന് നേരിട്ട് വാങ്ങി; പി.എം.സി എന്ന നിലയിൽ കരാർ ഏൽപിച്ചു</u>**

സർക്കാർ ഏജൻസികൾ നിർമ്മിക്കുന്ന സാധനങ്ങൾ ടെണ്ടർ കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാവുന്നതാണ് എന്ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 13.8.2018-ൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിരുന്നു (തീരുമാനം നം.4.38). ആയത് പരിഗണിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്കാവശ്യമായതും യുണൈറ്റഡ് ഇലക്ട്രിക്കൽസ് നിർമ്മിക്കുന്നതുമായ എൽ.ഇ.ഡി. ലൈറ്റുകൾ ഉൾപ്പെടെയുള്ള തെരുവ് വിളക്കുകൾ ടെണ്ടർ കൂടാതെ ആ സ്ഥാപനത്തിൽ നിന്ന് വാങ്ങുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു (സ.ഉ(സാധാ)നം.2330/2018/ തസ്വഭവ, തീ.31.8.2018). എന്നാൽ യുണൈറ്റഡ് ഇലക്ട്രിക്കൽസ് നിർമ്മിക്കാത്ത Crompton, Havells മുതലായ കമ്പനികളുടെ 20w LED ബൾബുകളാണ് (4040 എണ്ണം) ടി സ്ഥാപനം മുഖേന ടെണ്ടർ ഇല്ലാതെ നേരിട്ട് വാങ്ങിയത്. പ്രോക്യൂർമെന്റ് നടപടിക്രമങ്ങളും, സർക്കാർ ഉത്തരവുകളും പാലിക്കാതെ ഇപ്രകാരം വാങ്ങൽ നടത്തിയത് ക്രമവിരുദ്ധമായ നടപടിയാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മിനിമാസ്റ്റ്, ഹൈമാസ്റ്റ്, എൽ.ഇ.ഡി. തെരുവുവിളക്കുകളുടെ

പരിപാലനം ടെണ്ടർ കൂടാതെ യുണൈറ്റഡ് ഇലക്ട്രിക്കൽസ് മുഖേന ചെയ്യുന്നതിന് 24.1.2024-ലെ സ.ഉ(സാധാ) നമ്പർ 199/2024/എൽ.എസ്.ജി.ഡി ആയി സർക്കാർ ഉത്തരവായിട്ടുണ്ട്. 2.9.2022-ലെ ജി.ഒ.(പി)നം.104/2022/ധന നമ്പർ ഉത്തരവ് പ്രകാരം ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി (PMC) എന്ന നിലയിലാണ് സർക്കാർ യുണൈറ്റഡ് ഇലക്ട്രിക്കൽസ് ലിമിറ്റഡിന് അക്രഡിറ്റേഷൻ നൽകിയിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി വാങ്ങിയ തെരുവ് വിളക്കുകൾ ഇലക്ട്രിക് പോസ്റ്റുകളിൽ സ്ഥാപിക്കുന്ന പ്രവൃത്തി ടെണ്ടർ മുഖേന പഞ്ചായത്ത് മറ്റൊരു കരാറുകാരനെയാണ് ഏൽപിച്ചത്. പ്രോക്യൂർമെന്റിന് മാത്രമായി പി.എം.സി. എന്ന നിലയിൽ യുണൈറ്റഡ് ഇലക്ട്രിക്കൽസുമായി എഗ്രിമെന്റിൽ ഏർപ്പെട്ടതും തെരുവുവിളക്കുകൾ വാങ്ങിയതും ക്രമവിരുദ്ധമാണ്.

2. **<u>മാർക്കറ്റ് വിലയുമായി താരതമ്യം ചെയ്യാതെ ഉയർന്ന വിലയ്ക്ക് വാങ്ങി - അമിത വില നൽകിയ ഇനത്തിൽ വൻനഷ്ടം</u>**

ഒരു ബൾബിന് ടാക്സ് ഉൾപ്പെടെ 283 രൂപയാണ് പഞ്ചായത്തി ചെലവ് വന്നത്. എന്നാൽ മാർക്കറ്റ് വില ടാക്സ് ഉൾപ്പെടെ ശരാശരി 220 രൂപ മാത്രമാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | നിരക്ക് |
|---|---|---|
| 1 | Crompton 20W LED Bulb | 180 |
| 2 | WIPRO 20W LED Bulb | 200 |
| 3 | PHILIPS 20W LED Bulb | 219 |

**ഒരു ബൾബിന് ശരാശരി 60 രൂപ ക്രമത്തിൽ 4040 എൽ.ഇ.ഡി ബൾബുകൾ വാങ്ങിയ ഇനത്തിൽ കുറഞ്ഞത് 2.4 ലക്ഷം രൂപ അധികം പഞ്ചായത്തിന് ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്.** ക്വോട്ട് ചെയ്ത വിലയുടെ യുക്തിഭദ്രത കരാർ നൽകുന്നതിന് മുമ്പ് ഉറപ്പാക്കേണ്ടതാണെന്നും, നിലവിലെ കമ്പോള നിരക്കുമായി പരിശോധിക്കേണ്ടതാണെന്നും സ്റ്റോർ പർച്ചേസ് മാനുവലിൽ ഖണ്ഡിക 9.46, 9.47 ആയി നിഷ്ക്കർഷിച്ചിട്ടുണ്ട് (21.6.2013-ലെ ജി.ഒ.(പി)നം.3/2013/എസ്.പി.ഡി.). എന്നാൽ വിലയുടെ യുക്തിഭദ്രത പരിശോധിക്കാതെയാണ് വാങ്ങിയിട്ടുള്ളത്. ക്വോട്ട് ചെയ്ത നിരക്ക് ന്യായമല്ല എങ്കിൽ മൂന്ന് സോഷ്യൽ ഓഡിറ്റ് അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ കരാറുകാരനുമായി നെഗോഷിയേറ്റ് ചെയ്യണമെന്ന 8.11.2010-ലെ ജി.ഒ.(പി)നം.259/2010/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശവും പഞ്ചായത്ത് പാലിച്ചിട്ടില്ല.

3. **<u>സെന്റേജ് ചാർജ് ആയി തുക നൽകിയത് ക്രമവിരുദ്ധം</u>**

2.9.2022-ലെ ജി.ഒ.(പി.)നം.104/2022/ധന നമ്പർ ഉത്തരവ് പ്രകാരം ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി (PMC) എന്ന നിലയിലാണ് യുണൈറ്റഡ് ഇലക്ട്രിക്കൽസ് ലിമിറ്റഡിന് സർക്കാർ അക്രഡിറ്റേഷൻ നൽകിയിട്ടുള്ളത്. തെരുവുവിളക്കുകളുടെ പ്രോക്യൂർമെന്റിന് മാത്രമായി ഈ സ്ഥാപനത്തെ PMC എന്ന നിലയ്ക്ക് ചുമതലപ്പെടുത്തിയത് ക്രമപ്രകാരമല്ല. ആയതിനാൽ സെന്റേജ് ചാർജ് ഇനത്തിൽ 54874 രൂപ (42932+11942) യുണൈറ്റഡ് ഇലക്ട്രിക്കൽസിന് നൽകിയത് അംഗീകരിക്കാവുന്നതല്ല (വൗ.നം.XVFC 2024-25/P/20, തീ.25.1.2025). ക്രമവിരുദ്ധമായി നടത്തിയ ടി ചെലവ് ഓഡിറ്റിൽ നിരാകരിയ്ക്കുന്നു. ആയത് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.27/27.6.2025) ലഭ്യമാക്കിയ മറുപടിയിൽ, കോന്നി ബ്ലോക്ക് പഞ്ചായത്തിലെ ഉപതെരഞ്ഞെടുപ്പ് ആയിരുന്നതിൽ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതിന് മുമ്പ് അടിയന്തിരമായി പദ്ധതി നടപ്പാക്കിയതാണെന്നും, ബന്ധപ്പെട്ട സർക്കാർ ഉത്തരവിലെ നിർദ്ദേശം കൃത്യമായി മനസ്സിലാക്കിയില്ലെന്നും സെക്രട്ടറി അറിയിച്ചു. സെക്രട്ടറിയുടെ വിശദീകരണം അംഗീകരിക്കുന്നില്ല. **അപാകത സംബന്ധിച്ച് വകുപ്പ് തലത്തിൽ അന്വേഷണത്തിനും തുടർനടപടിക്കും ശുപാർശ ചെയ്യുന്നു.** വകുപ്പ് തലത്തിലുള്ള അന്വേഷണ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അതുവരെ തെരുവുവിളക്കുകൾ വാങ്ങിയതിന് ചെലവഴിച്ച തുകയിൽ നിരാകരിച്ച 54874 രൂപ കിഴിച്ച് ബാക്കി തുകയായ 1329980 രൂപ തടസ്സപ്പെടുത്തുന്നു.

## <u>3-2 മരണപ്പെട്ട ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെന്റ് ചെയ്തില്ല; സർക്കാർ ഖജനാവിന് 11200 രൂപയുടെ നഷ്ടം</u>

പഞ്ചായത്തിൽനിന്നും സാമൂഹ്യ ക്ഷേമ പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾ മരണപ്പെട്ടാൽ അവരുടെ പെൻഷൻ നിർത്തൽ ചെയ്യുന്നതിന് പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. ഇത് സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പാലിക്കുന്നതിൽ വീഴ്ച ഉണ്ടായി. ഇക്കാരണത്താൽ മരണപ്പെട്ട രണ്ട് ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് അവരുടെ മരണശേഷവും പെൻഷൻ ക്രഡിറ്റ് ചെയ്യാൻ ഇടയായിട്ടുണ്ട്.

| ക്രമ നം. | പേര്, വിലാസം | പെൻഷൻ ID | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ, തീ. | അനർഹമായ കാലയളവ് | മരണശേഷം അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1 | ഭവാനി റ്റി.എൻ. | 104080203359 | വാർദ്ധക്യകാല പെൻഷൻ | 16/11/2024 | 229/2024 30/11/2024 | 12/2024 - 4/2025 | 8000 |
| 2 | രാജപ്പൻ | 104080200176 | വാർദ്ധക്യകാല പെൻഷൻ | 03/02/2025 | 32/2025 01/03/2025 | 3/2025 - 4/2025 | 3200 |
| | | ആകെ | | | | | 11200 |

സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും ടിയാളുടെ മരണം പെൻഷൻ അനുവദിച്ച തദ്ദേശഭരണ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുകയുമാണെങ്കിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ദിവസംതന്നെ ടിയാന്റെ പേരിലുള്ള പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണ്. മറ്റ് തദ്ദേശഭരണ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന മരണം സംബന്ധിച്ച വിവരം പെൻഷൻ അനുവദിച്ച തദ്ദേശഭരണ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുന്ന ദിവസം തന്നെ പെൻഷൻ നിർത്തപ്പെടേണ്ടതാണ് (22/09/2017-ലെ എസ്.എഫ്.സി.ബി1/71/2017/ധന നമ്പർ സർക്കുലർ). എന്നാൽ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് ഉത്തരവാദപ്പെട്ടവർ ശ്രദ്ധിച്ചിട്ടില്ല. മരണപ്പെടുന്നവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽനിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം, പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽനിന്നും ഈടാക്കുന്നതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ് (05.11.2020-ലെ സർക്കുലർ നം.67/2020/ധന.). ഈ സാഹചര്യത്തിൽ സർക്കാർ ഖജനാവിനുണ്ടായിട്ടുള്ള നഷ്ടം സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി ചുമത്തുന്നു.

പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷണർമാരുടെ വിവരങ്ങൾ മാത്രമാണ് ഓഡിറ്റിൽ ഒത്തുനോക്കി പരിശോധിക്കാൻ സാധിച്ചിട്ടുള്ളത്. പെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശസ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണന്ന് സ.ഉ.(എം.എസ്)നം.97/2020/ധന. തീ.23.09.2020 നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പഞ്ചായത്ത് പാലിച്ചിട്ടില്ല. പരിഹാര നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

മരണപ്പെട്ട ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുള്ള തുകകൾ അവരുടെ അനന്തരവകാശികളിൽനിന്നും തിരികെ ഈടാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഈ ഇനത്തിലുള്ള നഷ്ടം (₹11200) ബന്ധപ്പെട്ട സെക്രട്ടറിയിൽനിന്നും ഈടാക്കുന്നതിന് സർചാർജ്ജ് നടപടി സ്വീകരിക്കുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന

ഓഡിറ്റ് വർഷം ജീവനക്കാരിൽ നിന്നും മെഡിസെപ്പ് പ്രീമിയം ഈടാക്കി സർക്കാരിലേക്ക് ഒടുക്കിയതിന്റെ

വിവരം ചുവടെ ചേർക്കുന്നു.

**1. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 15 | 89500 | 89500 | ഇല്ല | - |

* 01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

**2. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |

**3. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.07.2024 മുതൽ 31.07.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| ഇല്ല | | | | |

**4. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ട് നമ്പർ, പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 26400 | 217/25 – ഞങ്ങളും കൃഷിയിലേക്ക് - പച്ചക്കറി കൃഷി വികസനം (വനിത) | 26400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 124500 | 41/25 - വാഴവിത്ത് വിതരണം | 124500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 324495 | 74/25 - പാലിയേറ്റീവ് കെയർ | 324495 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | 70/25 – അതിദരിദ്രർക്ക് വീട് വാസയോഗ്യമാക്കൽ | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 160000 | 60/25 – ലൈഫ് ഭവന നിർമ്മാണം (എസ്.സി) | 160000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 740000 | 59/25 - ലൈഫ് ഭവന നിർമ്മാണം (എസ്.സി) | 740000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 360000 | 32/25 - ഭിന്നശേഷി കുട്ടികൾക്കുള സ്കോളർഷിപ്പ് | 360000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 332693 | 26/25 – അനുപൂരക പോഷകാഹാര പദ്ധതി | 332693 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 150189 | 104/25 – ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 150189 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 88473 | 205/25 – ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 88473 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 79659 | 15/25 – അതിദരിദ്രർക്ക് ഭക്ഷ്യക്കിറ്റ് വിതരണം | 79659 | 0 |
| ജില്ലാ പഞ്ചായത്ത് | 300000 | 74/25 – പാലിയേറ്റീവ് കെയർ | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 300000 | 59/25 – ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 345000 | 32/25 – ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 345000 | 0 |
| ജില്ലാ പഞ്ചായത്ത് | 262096 | 222/25 – അങ്കണവാടി അനുപൂരക പോഷകാഹാരം | 262096 | 0 |
| ജില്ലാ പഞ്ചായത്ത് | 376147 | 26/25 – അനുപൂരക പോഷകാഹാര പദ്ധതി | 376147 | 0 |
| ജില്ലാ പഞ്ചായത്ത് | 120000 | 104/25 – ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 120000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഭൂജല വകുപ്പ് | വാർഡ് 4, വാർഡ് 11, വാർഡ് 12 എന്നിവിടങ്ങളിൽ കുഴൽ കിണർ | 172500 | 5805 | 166695 |
| | വെറ്റനറി ആശുപത്രിക്ക് | 75000 | 1935 | 73065 |

| | | | | |
|---|---|---|---|---|
| | കുഴൽകിണർ നിർമ്മാണം | | | |
| | ളാക്കൂർ ഗവ.എൽ.പി. സ്കൂളിന് കുഴൽ കിണർ | 100000 | 1935 | 98065 |
| കേരള വാട്ടർ അതോറിറ്റി | എഴുമൺ തടത്തിൽ കോളനി കുടിവെള്ള പദ്ധതി | 350000 | 350000 | 0 |
| | എഴുമൺ തടത്തിൽ കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം | 2000000 | 1652872 | 347128 |

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി. ലൈഫ് ഭവന പദ്ധതി | 8707371 | 3600000 | 2043595 | | 10263776 |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ആയി തുക നൽകിയിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറിയിലൂടെ തുക ഈടാക്കിയതിന്റെ വിവരം

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രസീത് നമ്പർ, തീയതി |
|---|---|---|---|---|
| 2023-24 | 1-26 | 15764 | ശ്രീ സതീഷ്കുമാർ ആർ. (കരാറുകാരൻ) | 1240105301/19.03.2025 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡികകൾ

| **ഓഡിറ്റ് വർഷം** | **ഖണ്ഡിക** | **സമാഹൃത റിപ്പോർട്ട് വർഷം** | **വിഷയം** | **ഇപ്പോഴത്തെ അവസ്ഥ** |
|---|---|---|---|---|
| 1997-98 | 2-15 | 2005-06 | ലേലം-മുദ്രപ്പത്ര വിലയിൽ കുറവ് | നടപടികൾ തുടരുന്നു. |
| 2019-20 | 1-1 | 2021-22 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചു | നടപടികൾ തുടരുന്നു. |
| 2019-20 | 1-1-6 | 2021-22 | കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചതിലെ വരുമാന നഷ്ടം | നടപടികൾ തുടരുന്നു. |

## 4-8 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5000000 |
| തൻവർഷം നിക്ഷേപിച്ച തുക | -- |
| ആകെ | 5000000 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം

| സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക |
|---|---|---|---|
| കേരളാ ബാങ്ക് | 26.6.2020 | വാർഷികമായി പുതുക്കുന്നു | 5000000 |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്ജ്, സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം)

| | റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | (ഇൻകം & എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 124661723 | 229231083 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 66002136 | 229544962 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 66074 | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1329980 | |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവിനങ്ങളിലുള്ള നഷ്ടം | ചെലവിനങ്ങളിലുള്ള നഷ്ടം | |
| 3-1 | | 54874 | ശ്രീമതി അനിതാകുമാരി ഐ, സെക്രട്ടറി |
| 3-2 | | 11200 | ശ്രീ ശ്രീകുമാർ എസ്, സെക്രട്ടറി |

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദി ആയ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-1 | 1329980 | ശ്രീമതി അനിതാകുമാരി ഐ, സെക്രട്ടറി |

**സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി അനിതാകുമാരി ഐ., സെക്രട്ടറി | സെക്രട്ടറി, പട്ടാഴി ഗ്രാമ പഞ്ചായത്ത്, കൊല്ലം ജില്ല | കൃഷ്ണപ്രിയ, ഇഞ്ചക്കാട്, മൈലം പി.ഒ. കൊട്ടാരക്കര, കൊല്ലം - 691560 |
| ശ്രീ ശ്രീകുമാർ എസ്., സെക്രട്ടറി | സെക്രട്ടറി, പ്രമാടം ഗ്രാമപ്പഞ്ചായത്ത് | വാലിൽ ഹൗസ്, പ്രയാർ സൗത്ത്, ആലുംപീടിക പി.ഒ, കൊല്ലം ജില്ല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നം | **വർഷം** | **ഈ വകുപ്പിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം** | **തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ** |
|---|---|---|---|
| 1 | 1997-98 | എൽ.എഫ്.പി.റ്റി.എ-പി2.603/05, തീയതി 04.01.2006 | 1 |
| 2 | 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി2-387/2005 തീയതി 01/10/2005 | 2 |
| 3 | 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി3/558/06, തീയതി 05.09.07 | 2 |
| 4 | 2006-07 | എൽ.എഫ്.പി.റ്റി.എ-പി10/209/11, തീയതി 30.10.12 | 2 |
| 5 | 2007-08 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ-പി9.1112/12, തീയതി 15.03.2014 | 1 |
| 6 | 2013-14 മുതൽ 2014-15 വരെ | കെ.എസ്.എ.പി.റ്റി.എ-പി9-149/16, തീയതി 10.02.2016 | 4 |
| 7 | 2015-16 | കെ.എസ്.എ.പി.റ്റി.എ.പി9/1228/16, തീയതി 02.12.2016 | 4 |
| 8 | 2016-17 | കെ.എസ്.എ.പി.റ്റി.എ.പി9/954/2017, തീയതി 29.08.2017 | 4 |
| 9 | 2017-18 | കെ.എസ്.എ.പി.റ്റി.എ.പി9/1576/2018 തീയതി 05.01.2019 | 4 |
| 10 | 2018-19 | കെ.എസ്.എ.പി.റ്റി.എ.9/177/2020, തീയതി 07.05.2020 | 4 |

| | | | |
|---|---|---|---|
| 11 | 2019-20 | കെ.എസ്.എ.പി.റ്റി.എ.9/172/2022, തീയതി 16.03.2022 | 14 |
| 12 | 2020-21 | കെ.എസ്.എ.പി.റ്റി.എ.9/173/2022, തീയതി 31.03.22 | 16 |
| 13 | 2021-22 | കെ.എസ്.എ.പി.റ്റി.എ.9/237/2023 തീയതി 30/03/2023 | 41 ഖണ്ഡികകൾ |
| 14 | 2022-23 | കെ.എസ്.എ.പി.റ്റി.എ.9/1120/2023 തീയതി 22/11/2023 | 20 ഖണ്ഡികകൾ |
| 15 | 2023-24 | കെ.എസ്.എ.പി.റ്റി.എ.പി9/711/24 തീയതി 12.06.2025 | 18 ഖണ്ഡികകൾ |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 22-05-2025 and submitted on 26-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the PRAMADOM Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of PRAMADOM Grama Panchayat as on 31-03-2025

**Date: 06/08/2025**

**Deputy Director(H.G)**
**District Office Pathanamthitta**
**Kerala State Audit Department**

**Audit Report appended to the Audit Certificate of PRAMADOM Grama Panchayat for the Year 2024-2025 .**

**1.Major Observations**

1. Asset register is not comprehensive. Hence the value of assets included in the balance sheet does not match with the asset register.

**2.Other Observations**

1. Cashflow Statement - Net increase in Cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
2. Lapses in making timely and accurate demand entries in respect of tax and non tax revenues.
3. Appropriation Control Register for specific purpose grants not maintained properly. Hence closing

balance in terms of specific purpose grants shown in Annual financial statement is not accurate.
4. Demand of Property tax as per Annual financial statement not reconciled with Sanchaya software.
5. The actual expenditure on various government grants does not match the expenditure figures shown in the annual financial statements.
6. Schedule B-7: Since the Advance Register was not kept, the accuracy of the balance of advance amounts given under various categories and amounts deposited with agencies like KWA and KSEB cannot be ascertained.
6. Schedule B-18: The details of the deposits from previous years were not carried over and recorded in the Deposit Register. Therefore, the accuracy of the balances cannot be ascertained in the audit.

# അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്